21
2025
സെപ്റ്റംബർ
ഞായർ
കന്നി 5

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 236 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-236 പേജ് 4. വില 2.00 രൂപ

02 ശബരിമല ക്ഷേത്രം മതാതീത ആത്മീയതയുടെ ആരാധനാലയം

03 സ്രാവ് പിടിത്തം: മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് പഠനസമിതി

04 അതിദരിദ്രർക്ക് വാതിൽപ്പടി സേവനങ്ങളുമായി ആരോഗ്യ വകുപ്പ്

# ജി.എസ്.ടി നിരക്ക് ഇളവുകൾ സെപ്റ്റംബർ 22 മുതൽ

സെപ്റ്റംബർ 3 ന് ചേർന്ന 56 - മത് ജി.എസ്.ടി. കൗൺസിൽ യോഗത്തിലെ തീരുമാനപ്രകാരം, ജി.എസ്.ടി. ബാധകമായ ഒട്ടനവധി സാധനങ്ങളുടെയും, സേവനങ്ങളുടെയും മേലുള്ള നികുതി നിരക്കിൽ മാറ്റം വരുത്തിക്കൊണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടിട്ടുണ്ട്. നികുതി നിരക്കിലുള്ള ഈ മാറ്റങ്ങൾ സെപ്റ്റംബർ 22 മുതൽ പ്രാബല്യത്തിൽ വരും. അവശ്യ സാധനങ്ങളുടെയും, ദൈനംദിന കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന സാധനങ്ങളുടെയും നികുതി നിരക്ക് ഇതിന്റെ ഭാഗമായി കുറയുമെന്നാണ് കൗൺസിൽ വിലയിരുത്തുന്നത്.




വ്യാപാരികൾ/സേവന ദാതാക്കൾ പുതുക്കിയ നികുതി നിരക്കനുസരിച്ചുള്ള ടാക്സ് ഇൻവോയ്സുകൾ സെപ്റ്റംബർ 22 മുതൽ നല്കുന്നതിനാവശ്യമായ മാറ്റങ്ങൾ ബില്ലിംഗ് സോഫ്റ്റ്‌വെയർ സംവിധാനത്തിൽ വരുത്തേണ്ടതും, നികുതി മാറ്റം വരുന്ന സപ്ലൈയുമായി ബന്ധപ്പെട്ട് സാധനങ്ങൾ സ്റ്റോക്കിലുണ്ടെങ്കിൽ സെപ്റ്റംബർ 21 ലെ ക്ലോസിങ് സ്റ്റോക്ക് പ്രത്യേകം രേഖപ്പെടുത്തിവയ്ക്കുകയും ചെയ്യുക. കൂടാതെ, നികുതി നിരക്കിൽ കുറവ് വരുന്ന സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ ഗുണഫലം ഉപഭോക്താക്കൾക്ക് കൈമാറണം. നികുതി ബാധ്യത ഒഴിവാക്കിയ സാധനങ്ങളുടെയും, സേവനങ്ങളുടെയും ഭാഗമായുള്ള സ്റ്റോക്കിന്റെ ഇന്പുട് ടാക്സ് ക്രെഡിറ്റ് റിവേഴ്സൽ ചെയ്യേണ്ടതടക്കമുള്ള നടപടികൾ വ്യാപരികൾ സ്വീകരിക്കണം.

സിഗരറ്റ്, ബീഡി, ഗുഡ്ക, പാൻമസാല തുടങ്ങിയ ഉത്പന്നങ്ങളുടെ നികുതി നിരക്ക് 40% ലേക്ക് ഉയർത്തുവാൻ കൗൺസിൽ തീരുമാനം എടുത്തുവെങ്കിലും പ്രസ്തുത മാറ്റം സെപ്റ്റംബർ 22 മുതൽ പ്രാബല്യത്തിൽ വരില്ല. ആയത് പിന്നീട് വിജ്ഞാപനം ചെയ്യുന്ന തീയതി മുതലേ നടപ്പിലാവുകയുള്ളു. ആയതിനാൽ ഈ ഉത്പന്നങ്ങൾ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് തൽസ്ഥിതി തുടരാം. നിരക്ക് മാറ്റം പിന്നീട് വിജ്ഞാപനം ചെയ്യും.

ഇതുമായി ബന്ധപ്പെട്ട് വ്യാപാരികൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിജ്ഞാപനങ്ങൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ വെബ് സൈറ്റായ www.keralataxes.gov.in ൽ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ കാണേണ്ടതാണ്. നികുതി നിരക്ക് മാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യാപാരികൾ / സേവനദാതാക്കൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും നികുതി കുറച്ചതിന്റെ പ്രയോജനം ജനങ്ങൾക്ക് അനുഭവഭേദ്യമാക്കുവാനുള്ള നടപടികൾ വ്യാപാരിസമൂഹം കൈക്കൊള്ളണമെന്നും സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അറിയിച്ചു.

# എച്ച്1ബി വീസ അപേക്ഷയ്ക്കുള്ള ഫീസ് 88 ലക്ഷം രൂപയാക്കി

വാഷിങ്ടൻ : എച്ച്1ബി വീസ അപേക്ഷകൾക്കുള്ള ഫീസ് കുത്തനെ ഉയർത്തി ഡോണൾഡ് ട്രംപ്. വാർഷിക ഫീസ് ഒരു ലക്ഷം യുഎസ് ഡോളർ (ഏകദേശം 88 ലക്ഷം രൂപ) ആക്കി ഉയർത്താനുള്ള ഉത്തരവിൽ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഉത്തരവിട്ടു. ശരാശരി 2.5 ലക്ഷം തൊട്ട് 5 ലക്ഷം രൂപ വരെയായിരുന്നു എച്ച് വൺ ബി വീസയ്ക്ക് ഇതുവരെ ഈടാക്കിയിരുന്നത്. ഇതിൽ നിന്നാണ് ഒറ്റയടിക്ക് 88 ലക്ഷത്തിലേക്ക് ഫീസ് കുത്തനെ ഉയർത്തിയത്.

അടുത്തമാസം ദക്ഷിണ കൊറിയയിൽ കാണും, ട്രംപ് ചൈന സന്ദർശിക്കും

ഉയർന്ന വൈദഗ്ധ്യം ആവശ്യമായ തൊഴിൽ മേഖലകളിൽ ജോലി നേടാൻ ഇന്ത്യയടക്കം രാജ്യങ്ങളിൽനിന്നുള്ളവർ ആശ്രയിക്കുന്നതു പ്രധാനമായും എച്ച്1ബി വീസയാണ്. ഇന്ത്യയിൽനിന്ന് ഐടി മേഖലയിലടക്കം ജോലിക്കായി പോകുന്നവർക്ക് ഈ നീക്കം തിരിച്ചടിയാണ്. അമേരിക്കക്കാർക്ക് കൂ



ടുതൽ അവസരം ഒരുക്കുകയും കുടിയേറ്റം നിയന്ത്രിക്കുകയുമാണ് ലക്ഷ്യം.

യുഎസ് പൗരന്മാരെയും സ്ഥിര താമസക്കാരെയും കൊണ്ട് നികത്താൻ പ്രയാസമുള്ള ഉയർന്ന വൈദഗ്ധ്യമുള്ള ജോലികൾക്കായി മികച്ച വിദേശികളെ കൊണ്ടുവരാനാണ് എച്ച്1ബി വീസകളിലൂടെ ലക്ഷ്യമിടുന്നത്. പുതിയ നീക്കത്തെ ടെക് വ്യവസായം എതിർക്കില്ലെന്ന് ട്രംപ് പറഞ്ഞു. അവർ വളരെ സന്തോഷത്തിലായിരിക്കുമെന്ന് കരുതുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. "കമ്പനികൾക്ക് തൊഴിലാളികളെ ആവശ്യമുണ്ട്. ഈ പ്രഖ്യാപനം അമേരിക്കയ്ക്ക് നല്ല തൊഴിലാളികളെ ലഭിക്കുമെന്ന് ഉറപ്പാക്കും" ട്രംപ് പറഞ്ഞു.

ശതകോടീശ്വര പട്ടികയിലും മുന്നേറ്റം

ശാസ്ത്രം, സാങ്കേതികവിദ്യ, എൻജിനീയറിങ് തുടങ്ങിയ മേഖലകളിൽ ജോലിക്ക് ആളുകളെ കണ്ടെത്താൻ പ്രയാസമുള്ളതിനാലാണ് ബിരുദമോ അതിൽ കൂടുതലോ യോഗ്യതയുള്ളവർക്കായി 1990ൽ എച്ച്1ബി പ്രോഗ്രാം ആരംഭിച്ചത്. കുറഞ്ഞ വേതനത്തിൽ തൊഴിലാളികളെ ലഭിക്കാൻ ഈ വീസകൾ കമ്പനികളെ സഹായിക്കുന്നുണ്ടെന്നും തൊഴിലാളികളുടെ സംരക്ഷണം കുറവാണെന്നും വിമർശകർ പറയുന്നു. ഓരോ വർഷവും 85,000 വീസകളാണ് നറുക്കെടുപ്പിലൂടെ നൽകിയിരുന്നത്. ഈ വർഷം ആമസോൺ ആണ് എച്ച്1ബി വീസകൾ ഏറ്റവും കൂടുതൽ നേടിയത്. 10,000ൽ അധികം വീസകൾ ലഭിച്ചു. ടാറ്റ കൺസൾട്ടൻസി, മൈക്രോസോഫ്റ്റ്, ആപ്പിൾ, ഗൂഗിൾ എന്നീ കമ്പനികളാണു തൊട്ടുപിന്നിലുള്ളത്. കലിഫോർണിയയിലാണ് എച്ച്1ബി തൊഴിലാളികൾ ഏറ്റവും കൂടുതലുള്ളത്.

# മോഹൻലാലിന് ദാദാസാഹേബ് ഫാൽക്കെ അവാർഡ്

ഇന്ത്യൻ ചലച്ചിത്രരംഗത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ച് മലയാളത്തിന്റെ മഹാനടൻ മോഹൻലാലിന് 2023ലെ ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം. ഇന്ത്യൻ സിനിമയിലെ പരമോന്നത ബഹുമതിയാണ് ഇത്. വാർത്താ വിജ്ഞാപന മന്ത്രാലയമാണ് പുരസ്കാരം പ്രഖ്യാപിച്ചത്.

മോഹൻലാൽ അഭിനയം, സംവിധാനം, നിർമ്മാണം തുടങ്ങി സിനിമയുടെ എല്ലാ മേഖലകളിലും നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ഈ പുരസ്കാരം നൽകുന്നതെന്ന് മന്ത്രാലയം അറിയിച്ചു.



ഈ മാസം 23ന് ചൊവ്വാഴ്ച നടക്കുന്ന 71ാമത് ദേശീയ ചലച്ചിത്ര അവാർഡ് ദാന ചടങ്ങിൽ വെച്ച് പുരസ്കാരം സമ്മാനിക്കും. 2004 ൽ മലയാളിയായ സംവിധായകൻ അടൂർ ഗോപാലകൃഷ്ണന് ഈ പുരസ്കാരം ലഭിച്ചിരുന്നു. ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടുന്ന രണ്ടാമത്തെ മലയാളിയാണ് മോഹൻലാൽ. കഴിഞ്ഞ വർഷം ഈ പുരസ്കാരം ലഭിച്ചത് നടൻ മിഥുൻ ചക്രവർത്തിക്കായിരുന്നു

വിശ്വനാഥൻ നായരുടേയും ശാന്താകുമാരിയുടേയും രണ്ടാമത്തെ മകനായി 1960 മേയ് 21ന് പത്തനംതിട്ട ജില്ലയിലെ ഇലന്തൂരിലാണ് മോഹൻ ലാലിന്റെ ജനനം. രണ്ടു തവണ മികച്ച നടനുള്ളതടക്കം അഞ്ച് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ അദ്ദേഹം നേടിയിട്ടുണ്ട്. 2001ൽ അദ്ദേഹത്തിന് രാജ്യത്തെ നാലാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ പത്മശ്രീ പുരസ്കാരവും 2019 ൽ രാജ്യത്തെ മൂന്നാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ പത്മഭൂഷണും കേന്ദ്രസർക്കാർ നൽകി. 2009ൽ ഇന്ത്യൻ ടെറിട്ടോറിയൽ ആർമിയിൽ ലഫ്റ്റനന്റ് കേണൽ പദവിയും അദ്ദേഹത്തിനു ലഭിച്ചു. ചലച്ചിത്ര ലോകത്തിനും സംസ്കൃത നാടകത്തിനും നൽകിയ സംഭാവനകളെ മാനിച്ച് കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ഡോക്ടറേറ്റ് നൽകിയും മോഹൻലാലിനെ ആദരിച്ചിട്ടുണ്ട്






# കെ. ജെ. ഷൈനിനെതിരെ നടക്കുന്ന സൈബർ ആക്രമണം; സിപിഎം അന്വേഷിക്കട്ടെയെന്ന് വി. ഡി. സതീശൻ

തിരുവനന്തപുരം: സിപിഎം നേതാവ് കെ. ജെ. ഷൈനിനെതിരെ നടക്കുന്ന സൈബർ ആക്രമണങ്ങളിൽ പ്രതികരിച്ച് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ഈ സംഭവം പുറത്തുവന്നത് എവിടെ നിന്നാണെന്ന് സിപിഎം പരിശോധിക്കട്ടെയെന്ന് വി. ഡി. സതീശൻ പറഞ്ഞു.

നേരത്തെ അപവാദ പ്രചരണങ്ങൾക്ക് പിന്നിൽ യുഡിഎഫും കോൺഗ്രസുമാണെന്ന് കെ. ജെ. ഷൈൻ ആരോപിച്ചിരുന്നു. പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ അറിയാതെ ഇത്തരമൊരു പ്രചരണം നടക്കില്ലെന്നും ഷൈൻ വ്യക്തമാക്കിയിരുന്നു.

നിയമസഭയ്ക്ക് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതുപോലത്തെ ഏത് കേസുണ്ടെങ്കിലും എന്തിനാണ് തന്റെ നെഞ്ചത്തേക്ക് കയറുന്നതെന്ന് മനസിലാകുന്നില്ലെന്ന് സതീശൻ പറഞ്ഞു.

ആരെന്ത് ചെയ്താലും, ഏത് പാർട്ടിക്കാരൻ ചെയ്താലും തന്റെ വീട്ടിലേക്ക് കാളയും കോഴിയുമായി എന്തിനാണ് പ്രകടനം നടത്തുന്നതെന്നും അദ്ദേഹം ചോദിച്ചു.

കോൺഗ്രസുകാർക്കെതിരെ ഒരു മാസമായിട്ട് സിപിഎം ഹാൻഡിലുകൾ വ്യാപകമായി പ്രചാരണം നടത്തിയപ്പോൾ ഈ മാന്യതയൊന്നും ഉണ്ടായിട്ടില്ല. അപ്പോൾ കോൺഗ്രസ് ഹാൻഡിലുകളിലും പ്രചാരണമുണ്ടാകുമെന്നും വി. ഡി. സതീശൻ കൂട്ടിച്ചേർത്തു.

# വോട്ടർപട്ടിക ക്രമക്കേട്; കോടതിയെ സമീപിച്ച് ടി. എൻ. പ്രതാപൻ

തൃശൂർ: വോട്ടർപട്ടിക ക്രമക്കേട് ആരോപണവുമായി ബന്ധപ്പെട്ടു കോടതിയെ സമീപിച്ചതായി കെപിസിസി രാഷ്ട്രീയകാര്യസമിതി അംഗം ടി. എൻ. പ്രതാപൻ. തൃശൂർ ജുഡീഷൽ ഫസ്റ്റ് ക്ലാസ് കോടതി മൂന്നിലാണു സ്വകാര്യ അന്യായം ഫയൽ ചെയ്തത്. അന്യായം ഫയലിൽ സ്വീകരിച്ചതായും ഈ മാസം 23നു റിപ്പോർട്ട് നൽകാൻ കോടതി പോലീസിനോട് ആവശ്യപ്പെട്ടതായും പ്രതാപൻ പത്രസമ്മേളനത്തിൽ അറിയിച്ചു. സുരേഷ് ഗോപിയും കുടുംബവും നിയമവിരുദ്ധമായി വോട്ടുചേർത്തുവെന്ന് ആരോപിച്ച് സിറ്റി പോലീസിനു കമ്മീഷണർക്കു നൽകിയ പരാതിയിൽ പ്രാഥമികാന്വേഷണം അവസാനിപ്പിച്ചതിനെത്തുടർന്നാണ് കോടതിയെ സമീപിച്ചത്.

തിരുവനന്തപുരത്തു സ്ഥിരതാമസക്കാരായ സുരേഷ് ഗോപിയും കുടുംബാംഗങ്ങളും വ്യാജസത്യപ്രസ്താവന ബോധിപ്പിച്ചാണ് നിയമസഭാമണ്ഡലത്തിലെ 115ാം നമ്പർ ബൂത്തിൽ വോട്ടുചേർത്തത്. ഒരേ വിലാസത്തിൽ മക്കൾ ഉൾപ്പെടെ 11 പേരുടെ വോട്ടുകളാണ് ഇപ്രകാരം ചേർത്തത്.

ഇതുസംബന്ധിച്ച് മണ്ണുത്തി പോലീസ് സ്റ്റേഷനിലും തൃശൂർ സിറ്റി പോലീസ് കമ്മീഷണർക്കും പരാതിനൽകിയെങ്കിലും യാതൊരു മറുപടിയും നൽകിയില്ല. വിവരാവകാശപ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷന് അപേക്ഷ നൽകിയെങ്കിലും നിരസിച്ചു. കേസെടുക്കാൻ ആകില്ലെന്ന് ഈ നിമിഷംവരെ പരാതിക്കാരനായ തന്നെ പോലീസ് അറിയിച്ചിട്ടില്ലെന്നും പ്രതാപൻ പറഞ്ഞു.

# സ്വതന്ത്ര സോഫ്റ്റ്‌വയർ ദിനാചരണവും ഉബുണ്ടു ഇൻസ്റ്റലേഷൻ ഫെസ്റ്റും

സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾക്ക് നൽകിവരുന്ന പ്രാധാന്യം ഇനി ഓപ്പൺ ഹാർഡ്‌വെയറുകൾക്കും പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുമെന്നും നിലവിൽ സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ള 29,000 റോബോട്ടിക് കിറ്റുകൾ ഇതിനുദാഹരണമാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. ജില്ലയിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനം ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. പുതിയ തലമുറയെ വെറും ഉപഭോക്താക്കളാക്കാതെ അറിവ് സൃഷ്ടിക്കുന്നവരും പങ്കുവെക്കുന്നവരുമാക്കി മാറ്റാനാണ് നമ്മൾ ലക്ഷ്യമിടുന്നതെന്നും അതിനെ കൂടുതൽ മെച്ചപ്പെടുത്താനും ഓരോ വിദ്യാർത്ഥിയും അധ്യാപകനും മുന്നോട്ട് വരണം. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗവും പ്രാധാന്യവും പൊതു സമൂഹത്തിനും ലഭ്യമാകുന്നവിധം അടുത്ത ആഴ്ച 'ലിറ്റിൽ കൈറ്റ്സ്' ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഇൻസ്റ്റാൾഫെസ്റ്റുകൾ ഉൾപ്പെടെ സംഘടിപ്പിക്കും എന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത് പറഞ്ഞു. ചടങ്ങിൽ ഡിഎകെഎഫ് സംസ്ഥാന സെക്രട്ടറി ബിജു എസ് ബി സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രസക്തി എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് 'നന്മയും തിന്മയും' എന്ന വിഷയത്തിൽ ലിറ്റിൽ കൈറ്റ് അംഗങ്ങൾ സംവാദം നടത്തുകയും ചെയ്തു.

# ആഗോള അയ്യപ്പ സംഗമത്തിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യാൻ 18 അംഗ സമിതി: മന്ത്രി വി.എൻ. വാസവൻ

ആഗോള അയ്യപ്പ സംഗമത്തിൽ ഉയർന്ന നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കാൻ ദേവസ്വം മന്ത്രി ചെയർമാനായി 18 അംഗ സമിതിയെ നിയോഗിക്കുമെന്ന് സഹകരണ തുറമുഖ ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ. പമ്പാ മണപ്പുറത്ത് ആഗോള അയ്യപ്പ സംഗമത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിർദ്ദേശങ്ങൾ കമ്മിറ്റി പരിശോധിച്ച് ബഹുജന സമക്ഷം അവതരിപ്പിച്ചശേഷമായിരിക്കും ഭാവി നടപടികൾ സ്വീകരിക്കുക എന്നും മന്ത്രി പറഞ്ഞു. ദേവസ്വം സെക്രട്ടറി കൺവീനറായും ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ, ചർച്ചയിൽ പങ്കെടുത്ത വിദഗ്ധർ തുടങ്ങിയവർ അംഗങ്ങളായും ആയിരിക്കും കമ്മറ്റി പ്രവർത്തിക്കുക.വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാലുടൻ റോപ് വേ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കും. ആഗോള അയ്യപ്പ സംഗമം കൊണ്ട് എന്താണോ ലക്ഷ്യമിട്ടത് അത് അർത്ഥപൂർണമാക്കാൻ സംഘാടനം കൊണ്ടും പങ്കാളിത്തം കൊണ്ടും സാധിച്ചതായും മന്ത്രി പറഞ്ഞു.പ്രമോദ് നാരായൺ എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പുരാവസ്തു രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി വിശിഷ്ടാതിഥിയായിരുന്നു. മൂന്ന് സമാന്തര സെഷനുകളായി നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ സംക്ഷിപ്തരൂപം പ്രധാനമന്ത്രിയുടെ മുൻ ഉപദേഷ്ടാവ് ടി കെ എ നായർ, റവന്യൂ – ദേവസ്വം വകുപ്പ് സെക്രട്ടി എം. ജി രാജമാണിക്യം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡയറക്ടർ പ്രൊഫസർ സുജിത് കുമാർ എന്നിവർ അവതരിപ്പിച്ചു.കെ. യു ജനീഷ് കുമാർ എം എൽ എ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്, ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ, റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എസ് മോഹനൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളായ അഡ്വ. എ അജികുമാർ, അഡ്വ. പി.ഡി. സന്തോഷ് കുമാർ എന്നിവർ പ്രസംഗിച്ചു.

# മൃഗസംരക്ഷണ മേഖലയിലേക്ക് സേവനങ്ങൾ വ്യാപിപ്പിച്ച് ആർജിസിബി: മെഡിക്കൽ ലബോറട്ടറി സർവീസസ് യൂണിറ്റ് ഓയൂരിൽ പ്രവർത്തനമാരംഭിച്ചു

തിരുവനന്തപുരം: അത്യാധുനിക സൗകര്യങ്ങളോടെ വെറ്ററിനറി ക്ലിനിക്കൽ പരിശോധനാ സേവനം ലഭ്യമാക്കുന്ന ആദ്യ മെഡിക്കൽ ലബോറട്ടറി സർവീസസ് യൂണിറ്റിന് തുടക്കം കുറിച്ച് രാജീവ്ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി (ബ്രിക്-ആർജിസിബി).

കേന്ദ്ര സർക്കാർ ബയോടെക്നോളജി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ബ്രിക്-ആർജിസിബി സംസ്ഥാന മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് കൊല്ലം ജില്ലയിലെ ഓയൂരിലാണ് മൾട്ടി സ്പെഷ്യാലിറ്റി ലബോറട്ടറി തുറന്നത്. മൃഗസംരക്ഷണ മേഖലയിലെ ആർജിസിബിയുടെ നേതൃത്വത്തിലുള്ള ഗവേഷണ -സേവന പ്രവർത്തനങ്ങളിലെ പ്രധാന ഇടപെടലുകളിലൊന്നാണിത്.

വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിൽ നടന്ന ചടങ്ങിൽ മൃഗസംരക്ഷണ-ക്ഷീരവികസന മന്ത്രി ജെ. ചിഞ്ചുറാണി ലബോറട്ടറി ഉദ്ഘാടനം ചെയ്തു. വെളിനെല്ലൂർ പഞ്ചായത്ത് നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ലബോറട്ടറിയ്ക്ക് എൻഎബിഎച്ച് /എൻഎബിഎൽ അക്രഡിറ്റേഷനുണ്ട്. അസുഖങ്ങൾ വളരെ വേഗത്തിൽ തിരിച്ചറിയാനും കുറഞ്ഞ നിരക്കിൽ പെട്ടെന്ന് ചികിത്സ തുടങ്ങാനും ലബോറട്ടറി സഹായകമാകമാകും.

സംസ്ഥാനത്ത് ആദ്യമായാണ് അത്യാധുനിക സൗകര്യങ്ങളോടെ മൃഗങ്ങളുടെ അസുഖം തിരിച്ചറിയുന്നതിനും വേഗത്തിൽ ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള വിപുലമായ ലബോറട്ടറി സംവിധാനം സജ്ജമാകുന്നത്. രണ്ട് യൂണിറ്റുകളാണ് ഇതിൻറെ ഭാഗമായി ആരംഭിക്കുന്നത്. മനുഷ്യർക്കാവശ്യമായ സേവനങ്ങളും ഇവിടെ ലഭ്യമാണ്.

സംസ്ഥാനത്തെ കന്നുകാലി, പൗൾട്രി എന്നിവയുൾപ്പെടെയുള്ള മൃഗസംരക്ഷണ മേഖലയ്ക്ക് മെഡിക്കൽ ലബോറട്ടറി സർവീസസ് യൂണിറ്റ് വലിയ കൈത്താങ്ങാകുമെന്ന് ആർജിസിബി ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായണ പറഞ്ഞു. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ ഇത്തരം യൂണിറ്റുകൾ സജ്ജീകരിക്കാൻ ആഗ്രഹിക്കുന്നു. മൃഗസംരക്ഷണ, കാർഷിക മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുള്ള ഒരു പ്രധാന കേന്ദ്രമായി ഈ യൂണിറ്റിനെ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

കൊല്ലം ജില്ലയിലെ മുഴുവൻ ആളുകൾക്കും യൂണിറ്റിൻറെ സേവനം പ്രയോജനപ്പെടുത്താം. ഇതിനായി സർക്കാർ മൃഗാശുപത്രികൾ കേന്ദ്രീകരിച്ച് കളക്ഷൻ സെൻററുകൾ ആരംഭിക്കും.

പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ കന്നുകാലികളെ ബാധിക്കുന്ന പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനും ആവശ്യമായ ശാസ്ത്രീയ മുൻകരുതലുകളെടുക്കുന്നതിനും രോഗബാധ നിയന്ത്രിക്കുന്നതിനുമുള്ള സംവിധാനങ്ങളും ആർജിസിബിയുടെ ഗവേഷണ വിഭാഗം ലഭ്യമാക്കും. മൃഗസംരക്ഷണ വകുപ്പിൻറെ സഹകരണത്തോടെയായിരിക്കും ഇത് നടപ്പാക്കുന്നത്.

പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിൻറെയും കേരള കന്നുകാലി വികസന ബോർഡിൻറെയും വിവിധ പദ്ധതികളുമായി ആർബിസിബി ഇതിനകം സഹകരിക്കുന്നുണ്ട്. പാൽ, ഇറച്ചി,മുട്ട എന്നിവയുടെ ഉത്പാദനം വർധിപ്പിക്കുന്നതിനും ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുന്നതിനും അവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വികസനത്തിനും ആർജിസിബി ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി സഹകരിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും തിരുവനന്തപുരം ഗവൺമെൻറ് മെഡിക്കൽ കോളേജിലും ആർജിസിബി മെഡിക്കൽ ലബോറട്ടറി സേവന യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പാലായിലെ ജനറൽ ആശുപത്രിയിലും കോട്ടയം ജില്ലയിലെ മറ്റ് സ്ഥലങ്ങളിലും ഈ സൗകര്യം ലഭ്യമാണ്. ഹബ് ആൻഡ് സ്പോക്ക് മാതൃകയിലാണ് പ്രധാന ആശുപത്രികളിൽ കേന്ദ്ര ലബോറട്ടറി പ്രവർത്തിക്കുക. സിഎച്ച്സി, എഫ്എച്ച്സി, പിഎച്ച്സി എന്നിവ കളക്ഷൻ, റിപ്പോർട്ടിംഗ് സെൻററുകളായും പ്രവർത്തിക്കുന്നു. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിലുള്ള 300 ഓളം കേന്ദ്രങ്ങളിൽ ഈ സേവനം ലഭ്യമാണ്.

കളമശ്ശേരിയിലെ കൊച്ചിൻ കാൻസർ റിസർച്ച് സെൻററിൽ ആർജിസിബി ആരംഭിക്കുന്ന ഡയഗ്നോസ്റ്റിക് ആൻഡ് റിസർച്ച് ലബോറട്ടറിയുടെ നിർമ്മാണം പൂർത്തിയായി വരുന്നു. രോഗികൾക്ക് പരിശോധനാ സൗകര്യം ഒരുക്കുന്നതിനൊപ്പം കാൻസർ ഗവേഷണ കേന്ദ്രമായും ഇത് പ്രവർത്തിക്കും.

സംസ്ഥാന സർക്കാരുമായുള്ള കരാർ പ്രകാരം ആർജിസിബിക്ക് 30,000 ചതുരശ്ര അടി സ്ഥലം ഇതിനായി ലഭിച്ചിട്ടുണ്ട്. കാൻസർ ഗവേഷണ മേഖലയ്ക്ക് പ്രാധാന്യം നല്കിക്കൊണ്ട് സ്ഥാപിക്കുന്ന ഈ ലബോറട്ടറി രാജ്യത്തിന് മുഴുവൻ മാതൃകയാവും.

# ശബരിമല ക്ഷേത്രം മതാതീത ആത്മീയതയുടെ ആരാധനാലയം: മുഖ്യമന്ത്രി പിണറായി വിജയൻ

## ആഗോള അയ്യപ്പ സംഗമം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

മതാതീത ആത്മീയതയെ ഉദ്ഘോഷിക്കുന്ന, എല്ലാ മനുഷ്യർക്കും ഒരുപോലെ പ്രാപ്തമായ ആരാധനാലയമാണ് ശബരിമല ക്ഷേത്രമെന്നും ആ നിലയ്ക്ക് തന്നെ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ശബരിമലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പമ്പാ മണപ്പുറത്ത് സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ശബരിമലയുടെ മതാതീത ആത്മീയത അത്യപൂർവതയാണ്. അതു ലോകത്തിനുമുന്നിൽ കൊണ്ടുവരിക എന്നതു പ്രധാനമാണ്. അതിനുതകുന്ന വിധത്തിൽ ശബരിമലയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. മധുര- തിരുപ്പതി മാതൃകയിൽ ശബരിമലയെ തീർത്ഥാടക ഭൂപടത്തിൽ ശ്രദ്ധേയ കേന്ദ്രമാക്കി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുക അയ്യപ്പ സംഗമത്തിന്റെ ലക്ഷ്യമാണ്.തീർത്ഥാടകർക്ക് എന്താണ് വേണ്ടത് എന്നത് സർക്കാരോ ദേവസ്വം ബോർഡോ ഏകപക്ഷീയമായി സങ്കൽപിച്ച് നടപ്പിലാക്കുകയല്ല വേണ്ടത്. ഭക്തജനങ്ങളിൽ നിന്നുതന്നെ മനസ്സിലാക്കി വേണ്ടതു ചെയ്യണം. ഈ ബോധ്യത്തോടെയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് ഇങ്ങനെയൊരു സംഗമം നടത്തുന്നത്. വർഷങ്ങൾ നീണ്ട ആലോചനയ്ക്കും ചർച്ചകൾക്കും ശേഷമാണ് ഇത്തരമൊരു പരിപാടിയിലേക്ക് എത്തിയത്.

ഓരോ വർഷവും ശബരിമലയിൽ എത്തുന്ന തീർത്ഥാടകരുടെ വർദ്ധനയ്ക്കനുസരിച്ച് സുഗമമായ യാത്രാസൗകര്യം, പാർക്കിങ്ങ്, ശുദ്ധജലലഭ്യത, സാനിറ്റേഷൻ സംവിധാനങ്ങൾ, വിശ്രമ കേന്ദ്രങ്ങൾ, ചികിത്സാ സൗകര്യങ്ങൾ എല്ലാം വേണം. ഇവ പ്രകൃതിയുടെ മനോഹാരിതയ്ക്ക് കോട്ടം തട്ടാതെയും, പരിസ്ഥിതിക്ക് പോറലേൽപ്പിക്കാതെയും ആവണം. എരുമേലി അടക്കമുള്ള സമീപപ്രദേശങ്ങളും ഇതിന്റെ ഭാഗമായി വികസിപ്പിക്കണം.

2050 വരെയുള്ള വികസന സാധ്യതകൾ മുന്നിൽക്കണ്ടാണ് കാര്യങ്ങൾ നീക്കുന്നത്. ശബരിമല, പമ്പ, പരമ്പരാഗത പാത, നിലയ്ക്കൽ എന്നിവയുടെ സമഗ്ര വികസനമാണ് മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. 2022-2027 വരെയുള്ള ആദ്യ ഘട്ടത്തിന് 600.47 കോടി രൂപയും, 2028-2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 100.02 കോടി രൂപയും 2034-2039 വരെയുള്ള മൂന്നാം ഘട്ടത്തിന് 77.68 കോടി രൂപയും ഉൾപ്പെടെ, ആകെ 778.17 കോടി രൂപയാണ് ലേ ഔട്ട് പ്ലാൻ പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്.

ട്രാൻസിറ്റ് ക്യാമ്പായിട്ടാണ് പമ്പയെ ലേ ഔട്ട് പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളത്. തീർത്ഥാടകർക്ക് സന്നിധാനത്തേക്ക് കയറുന്നതിനും സന്നിധാനത്തു നിന്നു തിരിച്ചിറങ്ങുന്നതിനും ഒരു പ്രത്യേക സർക്കുലേഷൻ റൂട്ട് പിന്തുടരുന്നുവെന്ന് ഉറപ്പാക്കി അതുവഴി ഭാവിയിൽ ഉണ്ടായേക്കാവുന്ന തിരക്ക് ഒഴിവാക്കുവാനുതകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. പമ്പയുടെ വികസനത്തിനായി 2022-2027 വരെയുള്ള ആദ്യ ഘട്ടത്തിന് 184.75 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാം ഘട്ടത്തിന് 22.73 കോടി രൂപയും ഉൾപ്പെടെ ആകെ 207.48 കോടി രൂപയും, ട്രെക്ക് റൂട്ടിന്റെ വികസനത്തിനായി 2022-2025 വരെയുള്ള ആദ്യ ഘട്ടത്തിന് 32.88 കോടി രൂപയും 2024-2026 വരെയുള്ള രണ്ടാം ഘട്ടത്തിന് 15.09 കോടി രൂപയും ഉൾപ്പെടെ ആകെ 47.97 കോടി രൂപയുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. സന്നിധാനം, പമ്പ, ട്രെക്ക് റൂട്ട് എന്നിവയുടെ വികസനത്തിനായി ലേ ഔട്ട് പ്ലാനുകൾ പ്രകാരം ആകെ ചെലവ് കണക്കാക്കുന്നത് 1,033.62 കോടി രൂപയാണ്.

പമ്പ ഗണപതിക്ഷേത്രം മുതൽ പമ്പ ഹിൽടോപ്പ് വരെ പമ്പാ നദിക്കുകുറുകെ നിർമ്മിക്കുന്ന സുരക്ഷാപാലം, നിലയ്ക്കൽ ഇടത്താവളത്തിലെ കോർ ഏരിയയുടെ വികസനം. കുന്നാറിൽ നിന്നും ശബരിമല സന്നിധാനത്തേക്കുള്ള കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, നിലയ്ക്കൽ ഇടത്താവളത്തിലെ റോഡുകളുടെയും അനുബന്ധ പാലങ്ങളുടെയും നിർമ്മാണം, ശബരിമല സന്നിധാനത്തെ തീർത്ഥാടന സൗകര്യ കേന്ദ്രം, തന്ത്രിമഠം, പ്രസാദ നിർമ്മാണ-വിതരണ സമുച്ചയം എന്നിവയുടെ നിർമ്മാണം, ശബരിമല സന്നിധാനത്ത് അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന പ്രവൃത്തി, കൂടാതെ ശബരിമല സന്നിധാനത്തെ തീർത്ഥാടക നിർഗമന പാലം, നിലയ്ക്കൽ ഇടത്താവളത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും എന്നിവയ്ക്കായി വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ഇത്തരം കാര്യങ്ങളെപ്പറ്റി ഒരു തുറന്ന ചർച്ച നടത്തുന്നതിൽ, ശബരിമലയുടെ വികസനം ആഗ്രഹിക്കുന്നവർ എതിർക്കേണ്ട കാര്യമില്ല. എതിർക്കുന്നവരുടെ ഉള്ളിലിരുപ്പ് എന്താണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. എല്ലാവരുടേയും അഭിപ്രായങ്ങൾ കേട്ടും, അവരെ ഉൾക്കൊണ്ടും, അവരെയെല്ലാം ചേർത്തുപിടിച്ചുമാണ് നമ്മൾ ശബരിമലയുടെ വികസനം ഉറപ്പാക്കുന്നതെന്നും ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് അയ്യപ്പസംഗമം നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.ക്ഷേത്രഭരണം വിശ്വാസികൾക്ക് വിട്ടുകൊടുത്ത് സർക്കാർ പിന്മാറണം എന്ന വാദം ചില കോണുകളിൽ നിന്നുയരുന്നുണ്ട്. ആരും നോക്കാനില്ലാതെ നാശോന്മുഖമാകുന്ന നില വന്നപ്പോഴാണ് ബോർഡുകളും മറ്റ് ഭരണസംവിധാനങ്ങളും നിലവിൽ വന്നത്. അതോടെയാണ് തകർച്ചയിലായ ഒരുപാട് ക്ഷേത്രങ്ങൾ ഉദ്ധരിക്കപ്പെട്ടത്. ക്ഷേത്ര ജീവനക്കാർക്കു കൃത്യമായി ശമ്പളം ഉറപ്പായത്.

2019 ലെ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ദേവസ്വം ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾ പോലും വിഷമത്തിലായ ഘട്ടത്തിൽ 140 കോടി രൂപയുടെ ധനസഹായമാണ് സർക്കാർ ബോർഡിനു നൽകിയത്. മരാമത്ത് പണികൾക്കായി 123 കോടി രൂപയും ലഭ്യമാക്കി. ഇത്തരം സത്യങ്ങൾ പലരും കണ്ടില്ലെന്നു നടിക്കുന്നു. ക്ഷേത്രങ്ങൾ വിശ്വാസികൾക്ക് വിട്ടുകൊടുക്കണമെന്നു പറയുന്നവർ സർക്കാർ സഹായമില്ലാത്ത പഴയകാല ദുരിതാവസ്ഥയിലേക്കു ക്ഷേത്രങ്ങൾ തിരിച്ചുപോകണം എന്നാണോ ആഗ്രഹിക്കുന്നത് എന്നു വിശ്വാസികൾ തിരിച്ചു ചോദിക്കണം. ദേവസ്വം ബോർഡിന്റെ വരുമാനം സർക്കാർ കൈക്കലാക്കുന്നുവെന്ന വ്യാജപ്രചാരണം ചിലർ ഇപ്പോഴും നടത്തുന്നുണ്ട്. സർക്കാർ ഒരു പൈസ പോലും എടുക്കുന്നില്ലെന്നു മാത്രമല്ല, ദേവസ്വം ബോർഡിന് സർക്കാർ അങ്ങോട്ടു പണം നൽകുക കൂടി ചെയ്യുന്നു. അതുകൊണ്ടാണ് താരതമ്യേന തുച്ഛവരുമാനം മാത്രമുള്ള എത്രയോ ക്ഷേത്രങ്ങളിൽ ഇന്നും അന്തിത്തിരി തെളിയുന്നത്. അവിടങ്ങളിലെ ക്ഷേത്ര ജീവനക്കാർ പട്ടിണിയിലാകാത്തത്.

ശബരിമല മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ ആരംഭിച്ച 2011-2012 മുതൽ നാളിതുവരെ 148.5 കോടിയോളം രൂപ സർക്കാർ വിവിധ വികസന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. 2016-17 മുതൽ 2025 വരെ, ദേവസ്വം സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണത്തിനും വികസനത്തിനുമായി ആകെ 650 കോടിയോളം രൂപയാണ് സർക്കാർ അനുവദിച്ചത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് 145 കോടി രൂപ, കൊച്ചിൻ ദേവസ്വം ബോർഡിന് 26 കോടി രൂപ, മലബാർ ദേവസ്വം ബോർഡിന് 305 കോടി രൂപ, കൂടൽമാണിക്യം ദേവസ്വത്തിന് 4 കോടി രൂപ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് 21 കോടി രൂപ, ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിന് മൂന്നരക്കോടി രൂപ, ഹിന്ദുധർമ്മ സ്ഥാപന ഭരണ വകുപ്പിന് 28 കോടി രൂപ എന്നിങ്ങനെയാണ് ദേവസ്വം ബോർഡുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും അനുവദിച്ച തുക. കഴിഞ്ഞ നാലര വർഷത്തിലായി ദേവസ്വം ബോർഡുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി 232 കോടി രൂപയാണ് അനുവദിച്ചത്. ഇങ്ങനെ സർക്കാർ അങ്ങോട്ടു കൊടുക്കുന്നത് കാണാതെയാണ് സർക്കാർ പണം കൊണ്ടുപോവുകയാണ് എന്ന് ആക്ഷേപിക്കുന്നത്.

സമാനമായ കള്ളപ്രചാരവേലയാണ് സർക്കാർ ന്യൂനപക്ഷസംഗമവും നടത്താൻ പോകുന്നു എന്നത്. ഐക്യകേരള രൂപീകരണത്തിന്റെ പ്ലാറ്റിനം ജൂബിലി വർഷമായ 2031ൽ കേരളം എങ്ങനെയൊക്കെ വികസിച്ചു മുന്നോട്ടുപോകണം എന്നതിനെപ്പറ്റി സർക്കാർ ആലോചിക്കുന്നുണ്ട്. ഇതിനോടനുബന്ധിച്ച് കേരളത്തിന്റെ ഇതുവരെയുള്ള വികസന പ്രവർത്തനങ്ങൾ വിലയിരുത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ ഭാവിപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിനായി ഒക്ടോബർ മാസത്തിൽ വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ 33 സെമിനാറുകൾ നടത്തുന്നുണ്ട്. ഓരോ വകുപ്പിന്റെയും ചുമതലയുള്ള മന്ത്രിയുടെ നേതൃത്വത്തിലായിരിക്കും ഈ സെമിനാറുകൾ നടത്തുക. 33 സെമിനാറുകളിൽ ഒന്നു മാത്രമാണ് ന്യൂനപക്ഷ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നത്. എന്നാൽ, അതുമാത്രം അടർത്തിയെടുത്ത് വസ്തുതാവിരുദ്ധമായി പ്രചാരണം നടത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാകുമോ എന്നാണ് ഒരു കൂട്ടരുടെ ശ്രമമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ദേവസ്വം, സഹകരണം, തുറമുഖം വകുപ്പ് മന്ത്രി വി എൻ വാസവൻ അധ്യക്ഷനായ ചടങ്ങിൽ തമിഴ്നാട് ഹിന്ദുമത ചാരിറ്റബിൾ എൻഡോവ്മെന്റ് വകുപ്പ് മന്ത്രി പി കെ ശേഖർ ബാബു, ഐടി വകുപ്പ് മന്ത്രി പളനിവേൽ ത്യാഗരാജൻ എന്നിവർ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുത്തു.മന്ത്രിമാരായ പി.പ്രസാദ്, റോഷി അഗസ്റ്റിൻ, കെ കൃഷ്ണൻ കുട്ടി, എ കെ ശശീന്ദ്രൻ, വീണാ ജോർജ്, സജി ചെറിയാൻ, സർക്കാർ ചീഫ് വിപ്പ് ഡോ. എൻ ജയരാജ്, എംഎൽഎമാരായ കെ യു ജനീഷ് കുമാർ, പ്രമോദ് നാരായൺ, കടകംപള്ളി സുരേന്ദ്രൻ, കെ.ടി. ജലീൽ, ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹാം, റവന്യൂ - ദേവസ്വം സെക്രട്ടി എം.ജി രാജമാണിക്യം, ജില്ലാ കളക്ടർ എസ് പ്രേം കൃഷ്ണൻ, പത്തനംതിട്ട നഗരസഭ ചെയർമാൻ ടി.സക്കീർ ഹുസൈൻ, റാന്നി പെരുനാട് പഞ്ചായത്ത് പ്രസിഡന്റ് പി.എസ് മോഹനൻ, ശബരിമല തന്ത്രി കണ്ഠരര് മഹേഷ് മോഹനര്, തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളായ അഡ്വ. എ അജികുമാർ, പി ഡി സന്തോഷ് കുമാർ, മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ, എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, നായർ സർവീസ് സൊസൈറ്റി വൈസ് പ്രസിഡന്റ് എം. സംഗീത് കുമാർ, കേരള പുലയർ മഹാസഭ ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ, കേരള ബ്രാഹ്മണ സഭ പ്രതിനിധി കരിമ്പുഴ രാമൻ, വ്യവസായി ഗോകുലം ഗോപാലൻ, സംഗീതജ്ഞരായ കൈതപ്രം ദാമോദരൻ നമ്പൂതിരി, കെ. ഓമനക്കുട്ടി തുടങ്ങിയവർ പങ്കെടുത്തു. മുഖ്യമന്ത്രി പിണറായി വിജയന് ദേവസ്വം, സഹകരണം, തുറമുഖം വകുപ്പ് മന്ത്രി വി എൻ വാസവനും ദേവസ്വം ബോർഡ് പ്രസിഡന്റും ചേർന്നു തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉപഹാരവും സമ്മാനിച്ചു.

# സ്രാവ് പിടിത്തം: മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് പഠനസമിതി രൂപീകരിക്കും

കൊച്ചി: ഇന്ത്യയിൽ സ്രാവ് പിടിത്തവും വ്യാപാരവുമായി ബന്ധപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) പഠന സമിതി രൂപീകരിക്കും. വന്യജീവി സംരക്ഷണ നിയമത്തിലെ ഭേദഗതിയെ തുടർന്ന് വിവിധയിനം സ്രാവ്-തിരണ്ടിയിനങ്ങളുടെ മത്സ്യബന്ധനം, വ്യാപാരം, കയറ്റുമതി എന്നിവയിൽ നിയന്ത്രണമുണ്ട്.



അവ അപ്രതീക്ഷിതമായി മീൻപിടുത്ത വലകളിൽ കുടുങ്ങുന്നത് ഉൾപ്പെടെ മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും അവരുടെ ഉപജീവനം സംരക്ഷിക്കുന്നതിനുമായി പഠനം നടത്തുന്നതിനാണ് സമിതി.മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തിന് ശാസ്ത്രീയമായ പരിഹാരം കാണുന്നതിന് കമ്മിറ്റി പഠനം നത്തുമെന്ന് സിഎംഎഫ് ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.സിഎംഎഫ് ആർഐ നടത്തിയ സ്രാവ്-തിരണ്ടി സംരക്ഷണവും മത്സ്യത്തൊഴിലാളി ഉപജീവനമാർഗ്ഗവും എന്ന വിഷയത്തിൽ നടന്ന പങ്കാളിത്ത ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ശിൽപശാലയിൽ നടന്ന ചർച്ചയിൽ, ജൈവവൈവിധ്യ സംരക്ഷണവും തീരദേശ സമൂഹങ്ങളുടെ ഉപജീവന സുരക്ഷയും ഉറപ്പാക്കുന്ന രീതിയിൽ സന്തുലിതവും പ്രായോഗികവുമായി സമീപനമാണ് ഇക്കാര്യത്തിൽ വേണ്ടതെന്ന് സിഎംഎഫ്ആർഐ നിർദേശിച്ചു.

മത്സ്യബന്ധനം ദശലക്ഷക്കണക്കിന് തീരദേശ കുടുംബങ്ങളുടെ ജീവനാഡിയാണ്.

കരയിൽ നിന്ന് വ്യത്യസ്തമായി, വല വലിച്ചെടുക്കുന്നതുവരെ അനധികൃത മീൻപിടിത്തം പ്രവചിക്കാനോ നിയന്ത്രിക്കാനോ കഴിയില്ല. സംരക്ഷിത ജീവികളെ ആകസ്മികമായി പിടികൂടുന്നതിനുള്ള കർശനമായ ശിക്ഷാ നടപടി പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്.തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ വന്യജീവി സംരക്ഷണ നിയമത്തിൽ പട്ടിക നാലിൽ ഉൾപ്പെട്ട സ്രാവിനെ പിടിച്ചതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കിടയിലും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കിടയിലും ആശയക്കുഴപ്പമുണ്ടായി. ഇവയുടെ കയറ്റുമതിയിലാണ് നിയന്ത്രണമുള്ളത്. പിടിക്കുന്നതിനും ആഭ്യന്തര വ്യാപാരത്തിനും നിയന്ത്രണമില്ല.

എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകൽ, മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെയുള്ള നിരീക്ഷണം, മീൻപിടിത്തത്തിലെ സ്വയം നിയന്ത്രണം, പങ്കാളിത്ത സംരക്ഷണപദ്ധതികൾ, സ്ഥിരമായ ശാസ്ത്രീയ വിലിയിരുത്തൽ, കയറ്റുമതിക്ക് ആവശ്യമായ ശാസ്ത്രാധിഷ്ഠിത കണ്ടെത്തലുകൾ (നോൺ ഡെട്രിമെന്റൽ ഫൈൻഡിംഗ്) തയ്യാറാക്കൽ എന്നിവ നിയമം ഫലപ്രദമായി നടപ്പാകാകുന്നതിന് ആവശ്യമാണെന്ന് സിഎംഎഫ്ആർഐ നിർദേശിച്ചു.മത്സ്യത്തൊഴിലാളികൾ, എൻഫോഴ്സ്മെന്റ് - ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

സിഎംഎഫ്ആർഐയിലെ ഫിൻഫിഷ് ഫിഷറീസ് വിഭാഗം മേധാവി ഡോ ശോഭ ജോ കിഴക്കൂടൻ, കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ അനിൽ രാജ് ആർ, ലോങ്ങ്ലൈൻ ആൻഡ് ഗിൽനെറ്റ് അസോസിയേഷൻ പ്രസിഡന്റ് എ.എം. നൗഷാദ്, സെക്രട്ടറി എം. മജീദ് എന്നിവർ സംസാരിച്ചു.

# ഇന്ത്യ–അമേരിക്ക വ്യാപാര കരാർ; വാണിജ്യമന്ത്രി പിയൂഷ് ഗോയൽ ചർച്ചയ്ക്കായി വാഷിംഗ്ടണിലേക്ക്

ന്യൂഡൽഹി: വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ അടുത്തയാഴ്ച വാഷിംഗ്ടൺ സന്ദർശിക്കും. ഇന്ത്യ-അമേരിക്ക വ്യാപാര കരാർ ചർച്ചകൾക്കായാണ് സന്ദർശനം. വിദേശകാര്യമന്ത്രി എസ്. ജയശങ്കറിന്റെ നേതൃത്വത്തിലും ചർച്ച നടക്കും.

യുഎൻ ജനറൽ അസംബ്ലിയിൽ പങ്കെടുക്കുന്നതിനിടെ യുഎസ് സ്റ്റേറ്റ് സെക്രട്ടറിയുമായും ചർച്ച നടത്തും.

അമേരിക്കൻ പ്രതിനിധി കഴിഞ്ഞ 16ന് ഇന്ത്യയിലെത്തി നടത്തിയ ചർച്ചകളുടെ തുടർച്ചയാണ് കേന്ദ്രമന്ത്രിമാരുടെ ചർച്ച. അമേരിക്കൻ പ്രതിനിധികളുമായി ഇന്ത്യയിൽ നടന്ന ചർച്ച ഫലപ്രദമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചിട്ടുണ്ട്. വ്യാപാര കരാറിന്റെ തുടർ ചർച്ചകൾക്ക് ഇന്ത്യൻ സംഘത്തെ അമേരിക്ക ക്ഷണിക്കുകയായിരുന്നു.

കാർഷിക ഉത്പന്നങ്ങളിലടക്കം ചർച്ചയോട് എതിർപ്പില്ലെന്ന നിലപാട് ഇന്ത്യ അറിയിച്ചതായാണ് സൂചന. തീരുവ ചുമത്തിയുള്ള ഭീഷണിക്കൊടുവിൽ നരേന്ദ്ര മോദിയെ ഡോണൾഡ് ട്രംപ് വിളിച്ചത് അമേരിക്ക നിലപാട് മാറ്റുന്നു എന്ന സൂചനയായാണ് ഇന്ത്യ കാണുന്നത്.

കാർഷിക ഉത്പന്നങ്ങളിൽ ഇന്ത്യ നിലപാട് മാറ്റിയിട്ടില്ല എന്നാണ് സൂചന. ജനിതകമാറ്റം വരുത്തിയ ചോളം ഇന്ത്യ വാങ്ങണം എന്ന ആവശ്യം യുഎസ് ആവർത്തിച്ചു. എല്ലാ വിഷയങ്ങളും ചർച്ച ചെയ്യാം എന്നാണ് ഇന്ത്യ മറുപടി നൽകിയത്.

# ആക്രമണം വ്യാപിപ്പിച്ച് ഇസ്രയേൽ സൈന്യം, ആറ് ലക്ഷം പലസ്തീൻകാർ കുടുങ്ങിക്കിടക്കുന്നു

ജറുസലം: ഗാസ സിറ്റിയിൽ ബോംബിംഗിനു പുറമേ ടാങ്കുകളുടെ രൂക്ഷമായ പീരങ്കി ആക്രമണവും ശക്തമാകുന്നു. ആക്രമണത്തിൽ 33 പലസ്തീൻകാർ കൊല്ലപ്പെട്ടു. ആറു ലക്ഷത്തോളം പലസ്തീൻകാരാണ് ഗാസ സിറ്റിയിൽ കുടുങ്ങിക്കിടക്കുന്നത്. മൂന്നരലക്ഷത്തോളം പേർ ഇതിനോടകം പലായനം ചെയ്തെന്നാണ് റിപ്പോർട്ടുകൾ.

വ്യോമാക്രമണത്തിൽ ഹമാസ് സൈനിക ഇൻറലിജൻസ് ഉപമേധാവി മഹ്മൂദ് യൂസുഫ് അബു അൽഖീറിനെ വധിച്ചെന്ന് ഇസ്രയേൽ അവകാശപ്പെട്ടു.

അതേസമയം, ഇസ്രയേൽ അതിർത്തിയിൽ നൂറുകണക്കിന് ഇസ്രയേൽ പൗരന്മാർ യുദ്ധം അവസാനിപ്പിക്കാനും ബന്ദികളെ മോചിപ്പിക്കാനും ആവശ്യപ്പെട്ട് പ്രകടനം നടത്തി.

കഴിഞ്ഞദിവസം ജോർദാനിൽനിന്ന് സഹായവുമായെത്തിയ സംഘത്തിലെ ഒരു ട്രക്ക് ഡ്രൈവർ നടത്തിയ വെടിവയ്പിൽ രണ്ട് ഇസ്രയേൽ സൈനികർ കൊല്ലപ്പെട്ടതിനെത്തുടർന്ന് അധിനിവേശ വെസ്റ്റ് ബാങ്കിനും ജോർദാനുമിടയിലെ പാത ഇസ്രയേൽ അടച്ചു. ജോർദാൻ-ഇസ്രയേൽ മുഖ്യവ്യാപാരപാതയായ ജോർദാൻ നദിയിലെ അലൻബി പാലവും അടച്ചു. വെസ്റ്റ്ബാങ്കിൽനിന്നുള്ള പലസ്തീൻകാരും ജോർദാൻ വഴിയാണ് പുറത്തുകടക്കുന്നത്.

# പിജി ഹോസ്റ്റലിൽ യുവതിയെ വിവസ്ത്രയാക്കി ലൈംഗികാതിക്രമം; യുവാവ് അറസ്റ്റിൽ

ബംഗളൂരു: പിജി ഹോസ്റ്റലിൽ യുവതിക്കു നേരേ ലൈംഗികാതിക്രമം നടത്തിയ യുവാവ് അറസ്റ്റിൽ. ആന്ധ്രപ്രദേശ് സ്വദേശിയായ സായ് ബാബു ചെന്നുരു (37) ആണ് അറസ്റ്റിലായത്. സ്വകാര്യ ബാങ്ക് ജീവനക്കാരിയാണ് യുവതി.

ഒരേ പിജി കെട്ടിടത്തിൽ താമസിച്ചിരുന്ന പ്രതി ചൊവ്വാഴ്ച പുലർച്ചെ മൂന്നോടെ യുവതിയുടെ മുറിയുടെ മുന്നിലെത്തി കോളിംഗ് ബെല്ലടിച്ചു. സുഹൃത്താണെന്ന് കരുതി വാതിൽ തുറന്ന യുവതിയെ പ്രതി കത്തി കാട്ടി ഭീഷണിപ്പെടുത്തുകയും അകത്തുകയറി വാതിൽ അടയ്ക്കുകയുമായിരുന്നു.

തുടർന്ന് കത്തി ഉപയോഗിച്ച് കുത്തിപ്പരിക്കേൽപ്പിക്കുകയും നിലത്തുവീണ യുവതിയെ വിവസ്ത്രയാക്കി മൊബൈൽഫോണിൽ ദൃശ്യങ്ങൾ പകർത്തുകയും ചെയ്തു.

താനുമായി ലൈംഗിക ബന്ധത്തിലേർപ്പെടണമെന്നതായിരുന്നു പ്രതിയുടെ ആവശ്യം. യുവതി ഇതിനു വിസമ്മതിച്ചതോടെ കൊല്ലുമെന്നും അതിനുശേഷം താൻ ജീവനൊടുക്കുമെന്നും ഭീഷണി മുഴക്കി.

തുടർന്ന് 70, 000 രൂപ ആവശ്യപ്പെട്ട പ്രതി ബലമായി യുവതിയുടെ ഫോൺ പിടിച്ചുവാങ്ങുകയും ഭീഷണിപ്പെടുത്തി ഓൺലൈൻ വഴി 14,000 രൂപ സ്വന്തം അക്കൗണ്ടിലേക്ക് അയച്ചു. സംഭവം പുറത്ത് അറിയിച്ചാൽ നഗ്നദൃശ്യങ്ങൾ വീട്ടുകാർക്കും സുഹൃത്തുക്കൾക്കും അയച്ചുകൊടുക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു.

യുവതിക്കെതിരേയും പിജി നടത്തിപ്പുകാർക്കെതിരേയും പ്രതിയായ സായ് ബാബുവും പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

യുവതിയും താനും കഴിഞ്ഞ രണ്ടുമാസമായി അടുപ്പത്തിലാണെന്നും യുവതിയുമായി വഴക്കുണ്ടായ ശേഷം താൻ പുറത്തുപോയി തിരികെയെത്തിയപ്പോൾ പിജി നടത്തിപ്പുകാരായ ശിവ, പ്രദീപ് എന്നിവരും മറ്റു മൂന്നുപേരും ചേർന്ന് തന്നെ മർദിച്ചെന്നുമാണ് പരാതി.

# എസ്റ്റോണിയൻ വ്യോമാതിർത്തി കടന്ന് റഷ്യ; പറന്നത് മൂന്ന് മിഗ് 31 യുദ്ധവിമാനങ്ങൾ

മോസ്കോ: റഷ്യൻ യുദ്ധവിമാനങ്ങൾ തങ്ങളുടെ വ്യോമാതിർത്തിയിൽ പ്രവേശിച്ചതായി എസ്റ്റോണിയൻ സർക്കാർ. ഏകദേശം 12 മിനിറ്റോളം റഷ്യൻ വിമാനങ്ങൾ തങ്ങളുടെ വ്യോമാതിർത്തിയിൽ തുടർന്നതായാണ് എസ്റ്റോണിയൻ സർക്കാർ പറയുന്നത്.

റഷ്യയുടെ മൂന്ന് മിഗ് 31 യുദ്ധവിമാനങ്ങളാണ് മുൻകൂർ അനുമതിയില്ലാതെ എസ്റ്റോണിയൻ വ്യോമാതിർത്തിയിൽ പ്രവേശിച്ചത്. റഷ്യയുടെ നടപടിയിൽ പ്രതിഷേധം അറിയിച്ച് റഷ്യൻ സ്ഥാനപതിക്ക് എസ്റ്റോണിയൻ സർക്കാർ കുറിപ്പ് നൽകിയിട്ടുണ്ടെന്നാണ് രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

അടുത്തിടെ പോളണ്ട്, റൊമാനിയ എന്നീ രാജ്യങ്ങളുടെ വ്യോമാതിർത്തിയിൽ റഷ്യൻ ഡ്രോണുകളുടെ കടന്നുകയറ്റമുണ്ടായിരുന്നു. റഷ്യൻ ഡ്രോണുകൾ വെടിവച്ചിട്ടതായി പോളണ്ട് സ്ഥിരീകരിച്ചിരുന്നു.

# വിജയ്‌യുടെ സംസ്ഥാന പര്യടനം; പ്രവർത്തകർക്ക് പത്തിന നിർദേശം നൽകി

ചെന്നൈ: തമിഴക വെട്രി കഴകം പ്രസിഡൻറും സൂപ്പർതാരവുമായ വിജയ്‌യുടെ സംസ്ഥാന പര്യടനത്തിന്റെ ഭാഗമായി പ്രവർത്തകർക്ക് പത്തിന നിർദേശം നൽകി. കഴിഞ്ഞ ശനിയാഴ്ച തിരുച്ചിറപ്പള്ളിയിൽ നടത്തിയ റോഡ് ഷോയെ മദ്രാസ് ഹൈക്കോടതി വിമർശിച്ചിരുന്നു.തുടർന്നാണ് പ്രവർത്തകർക്ക് പത്തിന നിർദേശം നൽകാൻ പാർട്ടി തീരുമാനിച്ചത്. വിജയ്‌യുടെ വാഹനത്തെ പിന്തുടരരുത്, സർക്കാർ - സ്വകാര്യ കെട്ടിടങ്ങളുടെയോ വൈദ്യുത പോസ്റ്റുകളുടെയോ മുകളിൽ കയറരുത്, പോലീസ് നിർദേശം പൂർണമായി അനുസരിക്കണം തുടങ്ങിയവയാണ് പ്രധാന നിർദേശങ്ങൾ. ഇന്ന് നാഗപ്പട്ടണം, തിരുവാരൂർ ജില്ലകളിലാണ് വിജയ് പര്യടനം നടത്തുക. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ വിജയ്‌യെ വിമർശിച്ചിരുന്നു. ഇതിന് അദ്ദേഹം ഇന്ന് മറുപടി നൽകുമെന്നും റിപ്പോർട്ടുകളുണ്ട്.

# ചബഹാർ തുറമുഖത്തിന്റെ ഉപരോധ ഇളവുകൾ പിൻവലിക്കാൻ യുഎസ്; ഇന്ത്യക്ക് തിരിച്ചടി

വാഷിങ്ടൺ: ഇറാനിലെ ചബഹാർ തുറമുഖ പദ്ധതിക്ക് നൽകിയിരുന്ന ഉപരോധ ഇളവുകൾ പിൻവലിക്കാനൊരുങ്ങി യുഎസ്. പാകിസ്താനെ മറികടന്ന് ഇന്ത്യയെ മധ്യേഷ്യൻ രാജ്യങ്ങളുമായി ബന്ധിപ്പിക്കുന്ന ചബഹാറിന് ഉപരോധംവന്നാൽ തുറമുഖത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ നിർണായ പങ്കുവഹിക്കുന്ന ഇന്ത്യക്ക് തിരിച്ചടിയാകും.

ചബഹാർ പ്രവർത്തിപ്പിക്കുന്നവർക്കെതിരേ ഈ മാസം 29 മുതൽ ഉപരോധം നിലവിൽ വരുമെന്നാണ് യുഎസ് വിദേശകാര്യ ഡെപ്യൂട്ടി വക്താവ് തോമസ് പിഗോട്ട് പറഞ്ഞത്. ഇറാനുമായി വ്യാപാര ഇടപാടുകളിലേർപ്പെടുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കടുത്ത ഉപരോധമേർപ്പെടുത്തുമെന്ന് മുൻ യുഎസ് പ്രസിഡൻറ് ജോ ബൈഡൻ മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ ചബഹാർ തുറമുഖം വികസിപ്പിക്കുന്നതിനായി ഇന്ത്യക്ക് ഇളവനുവദിക്കുകയായിരുന്നു.

2018ലെ ഇറാൻ ഫ്രീഡം ആൻഡ് കൗണ്ടർ പ്രോലിഫെറേഷൻ ആക്ട് (ഐഎഫ്സിഎ) പ്രകാരമാണ് ഉപരോധമേർപ്പെടുത്തുന്നത്. ഇറാന്റെ തെക്കൻതീരത്തെ എണ്ണ സമ്പുഷ്ടമായ സിസ്റ്റാൻ-ബലൂചിസ്താൻ പ്രവിശ്യയിലാണ് ചബഹാർ ആഴക്കടൽ തുറമുഖം. വ്യാപാര ബന്ധങ്ങൾ ശക്തമാക്കാൻ ലക്ഷ്യമിട്ട് ഇന്ത്യയും ഇറാനും സംയുക്തമായി വികസിപ്പിക്കുന്നതാണിത്.

# എച്ച്1ബി വീസ അപേക്ഷ ഫീസ് കുത്തനെ വർധിപ്പിച്ച് ട്രംപ്

വാഷിംഗ്ടൺ ഡിസി: എച്ച്1ബി വീസ അപേക്ഷ ഫീസ് കുത്തനെ വർധിപ്പിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഫീസ് ഒരു ലക്ഷം ഡോളർ ആയി ഉയർത്തി. നിലവിൽ 1700നും 4500 ഡോളറിനും ഇടയിലാണ് ഫീസ്.

ടെക് കമ്പനികൾക്ക് വൻ തിരിച്ചടിയാകും പുതിയ നടപടിയെന്നാണ് വിലയിരുത്തൽ. ഇന്ത്യൻ ഐടി പ്രഫഷനലുകൾക്കും ചെറുകിട കമ്പനികൾക്കും താങ്ങാനാകാത്ത ഫീസ് ആണിത്. എന്നാൽ, ടെക്നോളജി രംഗത്ത് അമേരിക്കക്കാർക്ക് അവസരങ്ങൾ വർധിപ്പിക്കാനുള്ള നടപടി ആണിതെന്ന് ട്രംപ് പ്രതികരിച്ചു.

വൈദഗ്ധ്യം ആവശ്യമുള്ള തൊഴിൽ മേഖലകളിൽ വിദേശ തൊഴിലാളികളെ നിയമിക്കാൻ അനുവദിക്കുന്ന നോൺ-ഇമിഗ്രൻറ് വീസയാണ് എച്ച്1ബി വീസ.

# ഇരട്ട ഗോളുകളുമായി മാർക്കസ് റാഷ്ഫോർഡ്; ന്യൂകാസിലിനെതിരെ ബാഴ്സലോണയ്ക്ക് ജയം

ബാഴ്സലോണ: യുവേഫ ചാമ്പ്യൻസ് ലീഗ് ഫുട്ബോളിൽ ന്യൂകാസിലിനെതിരായ മത്സരത്തിൽ എഫ്സി ബാഴ്സലോണയ്ക്ക് ജയം. വ്യാഴാഴ്ച നടന്ന മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ബാഴ്സ വിജയിച്ചത്. ബാഴ്സയ്ക്ക് വേണ്ടി സൂപ്പർതാരം മാർക്കസ് റാഷ്ഫോർഡ് രണ്ട് ഗോളുകൾ നേടി.

മത്സരത്തിന്റെ 58,67 എന്നീ മിനിറ്റുകളിലാണ് റാഷ്ഫോർഡ് ഗോൾ സ്കോർ ചെയ്തത്. ആൻറണി ഗോർഡൻ ആണ് ന്യൂകാസിലിന് വേണ്ടി ഗോൾ കണ്ടെത്തിയത്. വിജയത്തോടെ ബാഴ്സലോണയ്ക്ക് മൂന്ന് പോയിൻറായി.

# തദ്ദേശപൊതുതിരഞ്ഞെടുപ്പ്: രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് കരട് വിജ്ഞാപനമായി

സംസ്ഥാനത്തെ തദ്ദേശ സ്ഥാപന പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. അതു സംബന്ധിച്ച ആക്ഷേപങ്ങൾ വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം കമ്മീഷൻ സെക്രട്ടറിക്ക് രേഖാമൂലം സമർപ്പിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.കരട് വിജ്ഞാപനം www.sec.kerala.gov.insh ബ് സൈറ്റിൽ പരിശോധിക്കാം. 2025 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായിട്ടാണ് രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചത്.ഒന്നാം പട്ടികയിൽ ദേശീയപാർട്ടികളായ ആം ആദ്മി പാർട്ടി (ചൂല്) ,ബഹുജൻ സമാജ് പാർട്ടി (ആന), ഭാരതീയ ജനതാ പാർട്ടി (താമര), കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) (ചുറ്റികയും അരിവാളും നക്ഷത്രവും), ഇന്ത്യൻ നാഷണൽ കോൺഗ്രസ് (കൈ), നാഷണൽ പീപ്പിൾസ് പാർട്ടി (ബുക്ക്) എന്നിവർക്കും രണ്ടാം പട്ടികയിൽ കേരള സംസ്ഥാന പാർട്ടികളായ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (ധാന്യക്കതിരും അരിവാളും), ജനതാദൾ (സെക്യുലർ) (തലയിൽ നെൽക്കതിരേന്തിയ കർഷക സ്ത്രീ), ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് (ഏണി), കേരള കോൺഗ്രസ് (എം) (രണ്ടില), കേരള കോൺഗ്രസ് (ഓട്ടോറിക്ഷ), റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി (മൺവെട്ടിയും മൺകോരിയും) എന്നിവർക്കും ചിഹ്നങ്ങൾ അനുവദിച്ചു.മൂന്നാം പട്ടികയിൽ, മറ്റ് സംസ്ഥാനങ്ങളിലെ അംഗീകൃത പാർട്ടികളും കേരള അസംബ്ലിയിലൊ സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലൊ അംഗങ്ങളുള്ളതും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 28 രാഷ്ട്രീയ പാർട്ടികൾക്കും ചിഹ്നം അനുവദിച്ചിട്ടുണ്ട്.

പട്ടിക നാലിലുള്ള 73 എണ്ണം സ്വതന്ത്ര ചിഹ്നങ്ങളിൽ 1, 2, 3 പട്ടികകളിൽ ഉൾപ്പെടാത്തതും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ രാഷ്ട്രിയ പാർട്ടികൾക്ക് അവർ ആവശ്യപ്പെട്ട പ്രകാരമുള്ള സ്വതന്ത്ര ചിഹ്നങ്ങൾ മുൻഗണനാ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതിനകം ചിഹ്നം അനുവദിച്ചിട്ടില്ലാത്ത രാഷ്ട്രിയ പാർട്ടികൾക്ക് ആവശ്യമെങ്കിൽ അപേക്ഷിക്കുന്ന മുറക്ക് സ്വതന്ത്ര ചിഹ്നം അനുവദിക്കും. അപേക്ഷയോടൊപ്പം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും സ്റ്റേറ്റ് ഭാരവാഹിയെ ചുമതലപ്പെടുത്തിയ അധികാര പത്രവും നൽകണം. സ്വതന്ത്ര ചിഹ്നങ്ങളുടെ പട്ടികയിലുള്ളതും മറ്റ് രാഷ്ട്രീയ പാർട്ടികൾക്ക് നൽകാത്തതുമായ ചിഹ്നമാണ് മുൻഗണനാ അടിസ്ഥാനത്തിൽ അനുവദിക്കുന്നത്.

# യുവതിക്ക് അയൽവാസിയുടെ ക്രൂര മർദനം, പോലീസ് പരാതി സ്വീകരിക്കാൻ തയാറായില്ലെന്ന് യുവതി

താമരശേരി: അയൽവാസിയായ യുവതിയെ മദ്യലഹരിയിൽ ക്രൂരമായി മർദിച്ചതായി പരാതി. എന്നാൽ പരാതി നൽകിയെങ്കിലും സ്വീകരിച്ച് റസീറ്റ് നൽകാനോ സ്ഥലത്തെത്തി അന്വേഷിക്കാനോ തയാറായില്ലെന്ന് മർദനത്തിൽ പരുക്കേറ്റ പുതുപ്പാടി ആനോറമ്മൽ സൗമ്യ പറഞ്ഞു. വീടിനു സമീപത്തെ മറ്റൊരു കുട്ടിയെ യുവാവ് ഉപദ്രവിക്കുന്നത് കണ്ട് ഇടപെട്ടതാണ് ആക്രമത്തിന് കാരണം. ഇന്നലെ വൈകുന്നേരം ഏഴോടെയായിരുന്നു അയൽവാസിയായ ടോമി (25) യുവതിയെ മർദിച്ചത്.

ഉടൻ താമരശേരി പോലീസ് സ്റ്റേഷനിൽ എത്തി പോലീസ് നൽകിയ നിർദേശ പ്രകാരം താമരശേരി ആശുപത്രിയിൽ ചികിത്സ തേടി. തുടർന്ന് പരാതിയുമായി സ്റ്റേഷനിൽ എത്തുകയായിരുന്നു.

എന്നാൽ പരാതി സ്വീകരിച്ച് റസീറ്റ് നൽകാൻ പോലും പോലീസ് തയാറായില്ലെന്ന് സൗമ്യ പറഞ്ഞു. സംഭവത്തിൽ പരാതി ലഭിച്ച ഉടൻ അടിവാരം ഔട്ട് പോസ്റ്റിൽ നിന്നു പോലീസിനെ അയച്ചതായും രാത്രിയായതിനാലാണ് പരാതിക്ക് റസീറ്റ് നൽകാൻ സാധിക്കാതിരുന്നതെന്നും പോലീസ് പറഞ്ഞു.

# ധർമസ്ഥലയിൽ കണ്ടെത്തിയ ഏഴ് തലയോട്ടികളും പുരുഷൻമാരുടേതാണെന്ന് പ്രാഥമിക നിഗമനം

ഹൈദ്രാബാദ്: രണ്ട് ദിവസത്തെ പരിശോധനയിൽ ധർമസ്ഥലയിലെ ബംഗ്ലെഗുഡെ വനമേഖലയിൽ നിന്ന് കണ്ടെത്തിയ ഏഴു തലയോട്ടികളും പുരുഷൻമാരുടേതെന്ന് പ്രാഥമിക നിഗമനം. എസ്ഐടിയ്ക്ക് ഒപ്പമുള്ള ഡോക്ടറാണ് പ്രാഥമിക പരിശോധനയിൽ തലയോട്ടികൾ പുരുഷൻമാരുടേതാണെന്ന് വ്യക്തമാക്കിയത്.

പരിശോധനയിൽ തിരിച്ചറിയൽ കാർഡിനൊപ്പം കണ്ടെത്തിയ വാക്കിങ് സ്റ്റിക്ക് അയ്യപ്പയുടേത് ആണെന്ന് ബന്ധുക്കൾ തിരിച്ചറിഞ്ഞു. കണ്ടെത്തിയ ഏഴ് തലയോട്ടികളിൽ ഒന്ന് കുടകിൽ നിന്ന് കാണാതായ ആളുടേതാണ് എന്നാണ് പ്രാഥമിക നിഗമനം.

ഇയാൾ ഏഴ് വർഷം മുൻപാണ് കുടകിൽ നിന്ന് കാണാതായത്. തലയോട്ടികളും അസ്ഥികളും എഫ്എസ്എൽ പരിശോധനയ്ക്ക് അയയ്ക്കുമെന്ന് എസ്ഐടി വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം, ആയുധ നിരോധന നിയമപ്രകാരം കേസെടുത്ത ധർമ്മസ്ഥല ആക്ഷൻ കൗൺസിൽ പ്രസിഡൻറ് മഹേഷ് തിമരോടിയുടെ വീട്ടിൽ എസ്ഐടി നോട്ടീസ് പതിച്ചു. എസ്ഐടി പരിശോധനയിൽ കണ്ടെത്തിയ തോക്കുകളുടെ ലൈസൻസ് ഹാജരാക്കാൻ ആവശ്യപ്പെട്ടാണ് നോട്ടീസ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി പത്മനാഭപുരം കൊട്ടാരത്തിലെ ഉടവാൾ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ആചാരപ്രകാരം കൈമാറുന്നു

# അയ്യപ്പസംഗമം തടയാൻ നിക്ഷിപ്ത താൽപര്യക്കാർ എല്ലാ ശ്രമവും നടത്തിയെന്ന് മുഖ്യമന്ത്രി

പന്പാ: ആഗോള അയ്യപ്പസംഗമം തടയാൻ നിക്ഷിപ്ത താൽപര്യക്കാർ എല്ലാ ശ്രമവും നടത്തിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സുപ്രീംകോടതി തന്നെ ആ നീക്കങ്ങൾ തള്ളിക്കളഞ്ഞു. യഥാർഥ ഭക്തരെ തിരിച്ചറിയാൻ പ്രയാസമില്ലെന്നും അയ്യപ്പസംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു.

ക്ഷേത്ര വരുമാനത്തിൽ നിന്നും സർക്കാർ പണമെടുക്കുന്നില്ല. എന്നാൽ ദേവസ്വം ബോർഡിന് സർക്കാർ പണം നൽകുന്നുമുണ്ട്. പണം കൊടുക്കുന്നത് കാണാതെ കൊണ്ടുപോകുന്നുവെന്നാണ് കള്ളപ്രചാരണം. അടുത്ത കള്ളപ്രചാരണം ന്യൂനപക്ഷ സംഗമം നടത്തുന്നു എന്നതാണ്. സർക്കാരിനെതിരെ ഒരു നനഞ്ഞ പടക്കമെങ്കിലും എറിയാനാണ് ശ്രമമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ശബരിമലയ്ക്ക് വേറിട്ടതനതായ ചരിത്രവും ഐതിഹ്യവും ഉണ്ടെന്നും അത് സമൂഹത്തിലെ അധസ്ഥിതരുമായി ബന്ധപ്പെട്ടതാണ്. ശബരി ഗോത്ര സമൂഹത്തിൽ നിന്നുള്ള ഒരു തപസ്വിനിയായിരുന്നു. ആ ശബരിയുടെ പേരിലാണ് പിന്നീട് ആ സ്ഥലം അറിയപ്പെട്ടത്. അതാണ് ശബരിമല.

ഭേദചിന്തകൾക്കും വേർതിരിവുകൾക്കും അതീതമായ മതാതീത ആത്മീയത ഉദ്ഘോഷിക്കുന്ന ആരാധനാലയമാണിത്. ഈ ആരാധനാലയത്തെ ശക്തിപ്പെടുത്തണം. അയ്യപ്പ ഭക്തർ ലോകത്തെല്ലാമുണ്ട്. അതുകൊണ്ടാണ് ഇതിന് ആഗോള സ്വഭാവം കൈവരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

തീർഥാടകർക്ക് എന്താണ് വേണ്ടത് എന്ന് സർക്കാരും ദേവസ്വം ബോർഡും ഏകപക്ഷീയമായി തീരുമാനിക്കുകയല്ല വേണ്ടത്. അയ്യപ്പ ഭക്തരോട് കൂടി ആലോചിച്ചാണ് ചെയ്യേണ്ടത്. ഭക്തി കേവലം ഒരു പരിവേഷമായി അണിയുന്നവർക്ക് പ്രത്യേക അജണ്ടയുണ്ടാകും. അത് മുൻനിർത്തി ഭക്തജന സംഗമം തടയാൻ അവർ ശ്രമിച്ചു. അത് നമുക്ക് ബാധകമല്ല. സുപ്രീം കോടതി തന്നെ ആ നീക്കങ്ങൾ തള്ളിക്കളഞ്ഞുവെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

# അപവാദ പ്രചരണത്തിന്റെ ഉറവിടം അന്വേഷണത്തിലൂടെ വ്യക്തമാകണം: കെ. എൻ. ഉണ്ണികൃഷ്ണൻ

കൊച്ചി: പ്രാദേശിക കോൺഗ്രസ് നേതാവിന്റെ ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് സിപിഎം നേതാവ് കെ. ജെ. ഷൈനിനെതിരെയുള്ള അശ്ലീല പ്രചരണം ആദ്യം കണ്ടതെന്ന് വൈപ്പിൻ എംഎൽഎ കെ. എൻ. ഉണ്ണികൃഷ്ണൻ.

കെ. ജെ. ഷൈനിനെതിരെയുള്ള സൈബർ ആക്രമണത്തിൽ പ്രതികരിക്കുകയായിരുന്നു എംഎൽഎ. പേര് പരാമർശിക്കാത്തത് കൊണ്ടാണ് നിയമ നടപടിക്ക് പോകാതിരുന്നത്. സൈബർ ആക്രമണത്തിൽ മുഖ്യമന്ത്രിക്കും ഡിജിപിക്കും മുനമ്പം ഡിവൈഎസ്പിയ്ക്കും പരാതി നൽകിയതായി അദ്ദേഹം പറഞ്ഞു.

അപവാദ പ്രചരണത്തിന്റെ ഉറവിടം അന്വേഷണത്തിലൂടെ വ്യക്തമാകണം. കെ. എം. ഷാജഹാൻ ഒരു സംഭവ കഥ വിവരിക്കും പോലെ യൂട്യൂബ് ചാനലിൽ ഇത് അവതരിപ്പിച്ചു. തന്റെ പേര് വച്ച് പിന്നീട് വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രചരിപ്പിച്ചെന്നും എംഎൽഎ ആരോപിച്ചു.

തന്റെ നിരപരാധിത്വം അറിയിച്ച് ഫേസ്ബുക്കിൽ താൻ കുറിപ്പിട്ടു. എന്നാൽ തുടർന്നും സൈബർ ആക്രമണം വർധിക്കുന്ന സാഹചര്യമാണ് ഉണ്ടായത്. സൈബർ ആക്രമണത്തെ പ്രതിപക്ഷ നേതാവ് തള്ളിപ്പറയുകയോ നിരുത്സാഹപ്പെടുത്തുയോ ചെയ്തിട്ടില്ലെന്നും ഉണ്ണികൃഷ്ണൻ പറഞ്ഞു.

ഇത് സംശയം ജനിപ്പിക്കുന്ന കാര്യമാണ്. ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ പ്രചരിപ്പിക്കുന്ന കെ. എം. ഷാജഹാനോട് സഹതാപം മാത്രം. കോൺഗ്രസ് ഇവരെ തള്ളിപ്പറയാത്തിടത്തോളം സതീശൻ പൊട്ടിക്കുമെന്ന് പറഞ്ഞ് ബോംബിന്റെ പിന്തുടർച്ചയാണെന്ന് കരുതേണ്ടിവരുമെന്നും ഉണ്ണികൃഷ്ണൻ കൂട്ടിച്ചേർത്തു.

# നവരാത്രി പൂജ; വിഗ്രഹ ഘോഷയാത്രയ്ക്ക് തുടക്കമായി

നവരാത്രി പൂജയുമായി ബന്ധപ്പെട്ട് പത്മനാഭപുരത്ത് നിന്നുള്ള നവരാത്രി വിഗ്രഹങ്ങളുടെ ഘോഷയാത്രയ്ക്ക് ഭക്തിനിർഭരമായ തുടക്കം. നവരാത്രി വിഗ്രഹങ്ങളുടെ എഴുന്നള്ളത്തിന് മുന്നോടിയായുള്ള ഉടവാൾ കൈമാറ്റം പത്മനാഭപുരം കൊട്ടാരത്തിലെ ഉപരിക മാളികയിൽ നടന്നു. ഉപരിക മാളികയിൽ പട്ടുവിരിച്ച പീഠത്തിൽ സൂക്ഷിച്ച ഉടവാൾ സംസ്ഥാന പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ ദിനേശനിൽ നിന്നും പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി സ്വീകരിച്ചു.

തുടർന്ന് തമിഴ്നാട് ക്ഷീരവികസന വകുപ്പ് മന്ത്രി മനോ തങ്കരാജും കന്യാകുമാരി എം പി വിജയ് വസന്തും വാൾ ഏറ്റുവാങ്ങിയതിനു ശേഷം ആചാരപ്രകാരം തമിഴ്നാട് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് വകുപ്പ് ജോയിന്റ് കമ്മീഷണർ ജാൻസി റാണിക്ക് കൈമാറി. എംഎൽഎ മാരായ സി.കെ ഹരീന്ദ്രൻ, എ വിൻസന്റ്, കന്യാകുമാരി ജില്ലാ കളക്ടർ ആർ അളഗമീന, സബ്കളക്ടർ വിനയ് കുമാർ മീണ, കന്യാകുമാരി ദേവസ്വം ബോർഡ് ചെയർമാൻ പ്രഭാ രാമകൃഷ്ണൻ, തിരുവിതാംകൂർ കൊട്ടാരം പ്രതിനിധി രാജരാജ വർമ്മ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രതിനിധികൾ തുടങ്ങിയവർ സന്നിഹിതരായി.

കേരള, തമിഴ്നാട് സായുധ പോലീസിന്റെ ഗാർഡ് ഓഫ് ഓണറിന് ശേഷം ഘോഷയാത്ര കൊട്ടാരമുറ്റത്തേക്ക് നീങ്ങി. തുടർന്ന് തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. രാവിലെ ഒൻപതോടെ തേവാരക്കെട്ട് സരസ്വതി ദേവി വിഗ്രഹം ആനപ്പുറത്തേറി ഘോഷയാത്രയായി പുറത്തേക്ക് എഴുന്നള്ളി. തൊട്ടുപിന്നാലെ അലങ്കരിച്ച ഇരുപല്ലക്കുകളിലായി വേളിമല കുമാര സ്വാമിയും ശുചീന്ദ്രം മുന്നൂറ്റി നങ്കയും നീങ്ങി. രാത്രിയോടെ കുഴിത്തുറ മഹാദേവക്ഷേത്രത്തിൽ എത്തുന്ന വിഗ്രഹങ്ങൾ അവിടെ ഇറക്കി പൂജ നടത്തും. അടുത്ത ദിവസം (സെപ്റ്റംബർ 21) ഉച്ചയ്ക്ക് 12ന് കളിയിക്കാവിളയിൽ എത്തുന്ന ഘോഷയാത്രയെ കേരള പോലീസ്, റവന്യൂ, ദേവസ്വം അധികൃതർ ചേർന്ന് സ്വീകരിക്കും. പാറശാല മഹാദേവ ക്ഷേത്രത്തിൽ വിഗ്രഹങ്ങൾ ഇറക്കി പൂജ നടത്തും. തുടർന്ന് ഘോഷയാത്ര നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെത്തും.

ഘോഷയാത്ര 22 ന് വൈകിട്ട് തിരുവനന്തപുരത്ത് എത്തുന്നതോടെ നവരാത്രി ആഘോഷങ്ങൾ തുടങ്ങും. സന്ധ്യയോടെ ഘോഷയാത്ര കിഴക്കേക്കോട്ടയിൽ എത്തുമ്പോൾ ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ ഉടവാൾ ഏറ്റുവാങ്ങി ആചാരപ്രകാരം വരവേൽക്കും. പദ്മതീർഥത്തിലെ ആറാട്ടിനുശേഷം നവരാത്രി മണ്ഡപത്തിൽ സരസ്വതിദേവിയെ ഒക്ടോബർ 4 വരെ പൂജയ്ക്കിരുത്തും. കരമന മുതൽ വെള്ളിക്കുതിരപ്പുറത്ത് എഴുന്നള്ളിക്കുന്ന കുമാരസ്വാമിയെ ആര്യശാല ദേവീക്ഷേത്രത്തിലും മുന്നൂറ്റിനങ്കയെ ചെന്തിട്ട ദേവീക്ഷേത്രത്തിലും പൂജയ്ക്കിരുത്തും.

നവരാത്രി പൂജക്ക് ശേഷം ഒരു ദിവസത്തെ നല്ലിരുപ്പിന് ശേഷം മൂന്ന് വിഗ്രഹങ്ങളും തിരുവനന്തപുരത്തു നിന്നും തിരിച്ചെഴുന്നള്ളത്തായി പദ്മനാഭപുരത്തേക്ക് പുറപ്പെടും.

## അണലി കടിച്ച് തൃശൂരിൽ ആറ് വയസുകാരി മരിച്ചു

തൃശൂർ: അണലിയുടെ കടിയേറ്റ് ആറ് വയസുകാരി മരിച്ചു. വാടാനപ്പള്ളി ഇടശേരി സിഎസ്എം സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർഥിനിയും കിഴക്ക് പുളിയംതുരുത്ത് വാടകയ്ക്ക് താമസിക്കുന്ന തച്ചാട് നന്ദുവിന്റെ മൂത്ത മകൾ അനാമിക ആണ് മരിച്ചത്.

അണലി പാമ്പ് കടിച്ചതാണെന്ന് തിരിച്ചറിയാതിരുന്നതാണ് കുട്ടിയുടെ മരണത്തിലേക്ക് നയിച്ചത്. തൃശൂർ മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെയാണ് ഡോക്ടർമാരുടെ വിദഗ്ധ പരിശോധനയിൽ പാമ്പ് കടിയേറ്റതാണെന്ന് തിരിച്ചറിഞ്ഞത്. അപ്പോഴേക്കും വൈകിയിരുന്നു.

ഇവർ താമസിക്കുന്ന ഷെഡ് കെട്ടിയ വീടിന് ചുറ്റും പൊന്തക്കാടാണ്. പതിവായി വീട്ടുപരിസരത്ത് അണലിയെ കാണാറുണ്ടായിരുന്നു. ബുധനാഴ്ച കുട്ടിക്ക് കാൽ വേദനയും തളർച്ചയും നേരിട്ടിരുന്നു. അന്ന് ചാവക്കാട് താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സ തേടിയിരുന്നു. തുടർന്ന് വീട്ടിലേക്ക് കൊണ്ടുവന്നു.

വ്യാഴാഴ്ച രാവിലെ കുട്ടിയുടെ ആരോഗ്യനില വഷളായി. ഇതോടെ ചാവക്കാട് ആശുപത്രിയിലേക്ക് വീണ്ടും കൊണ്ടുപോയി. രണ്ടു തവണയും പാമ്പ് കടിച്ചതിന്റെ അടയാളം കാണാൻ കഴിഞ്ഞില്ല. എന്നാൽ കുട്ടിയുടെ നില മോശമായതിനാൽ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഇവിടെ വച്ചാണ് പാമ്പ് കടിയേറ്റതാണെന്ന് സ്ഥിരീകരിക്കുന്നത്. എന്നാൽ അപ്പോഴേക്കും പാമ്പിന്റെ വിഷം ശരീരത്തിനുള്ളിൽ വ്യാപിച്ചിരുന്നു.

ഉടൻ അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ചു. എന്നാൽ വൃക്കയുടെ പ്രവർത്തനം അപ്പോഴേക്കും നിലച്ചു. ഇതിന് പിന്നാലെ മരണം സംഭവിച്ചു.

# പാറമടയിൽ പാതി മുറിഞ്ഞ നിലയിൽ അജ്ഞാത മൃതദേഹം, കണ്ടത് ചൂണ്ടയിടാനെത്തിയവർ

അങ്കമാലി: ഉപയോഗിക്കാതെ കിടക്കുന്ന പാറമടയിൽ പാതി മുറിഞ്ഞ നിലയിൽ അജ്ഞാത മൃതദേഹം കണ്ടെത്തി. അയ്യമ്പുഴ അമലാപുരത്ത് തട്ടുപാറ പള്ളിക്കു സമീപത്തുള്ള പാറമടയിലാണ് മൃതദേഹം കണ്ടെത്തിയത്. വെള്ളം നിറഞ്ഞ പാറമടയിൽ പൊങ്ങിയ മൃതദേഹത്തിന്റെ അരയ്ക്കു മുകളിലേക്കുള്ള ഭാഗം കാണാനില്ല. ട്രാക് സ്യൂട്ട് ധരിച്ച അരയ്ക്കു താഴേക്കുള്ള ഭാഗം കാലുകൾ കൂട്ടിക്കെട്ടിയ നിലയിലാണ്. കൊലപാതകമെന്നു സംശയം. വൈകിട്ട് ചൂണ്ടയിടാനെത്തിയ രണ്ടു പേരാണ് മൃതദേഹം കണ്ടത്. ഇവർ നാട്ടുകാരെയും പോലീസിനെയും വിവരം അറിയിക്കുകയായിരുന്നു. മൃതദേഹത്തിനു രണ്ടാഴ്ചയിലേറെ പഴക്കമുണ്ട്. അരഭാഗം മീനുകൾ കൊത്തി വേർപ്പെടുത്തിയതിനെ തുടർന്നാകാം വെള്ളത്തിനു മുകളിലേക്കു പൊങ്ങിവന്നതെന്നാണു നിഗമനം.

ഇന്ന് രാവിലെ മൃതദേഹം പാറമടയിൽ നിന്നു പുറത്തെടുത്ത് ബാക്കി ശരീര ഭാഗത്തിനായി തെരച്ചിൽ നടത്തും. 70 മീറ്ററിലേറെ ആഴമുള്ള പാറമടയാണിത്. പാറമടയുടെ 100 മീറ്റർ അപ്പുറത്തു വരെയെ വാഹനങ്ങൾ എത്തുകയുള്ളു.

# മരുന്ന് മാറി നൽകിയെന്ന് പരാതി; മെഡിക്കൽ ഷോപ്പ് ജീവനക്കാരനെതിരെ കേസ്

കണ്ണൂർ: മരുന്ന് മാറി നൽകിയെന്ന യുവതിയുടെ പരാതിയിൽ കണ്ണൂരിൽ മെഡിക്കൽ ഷോപ്പ് ജീവനക്കാരനെതിരെ കേസ്.

തളിപ്പറമ്പ് സ്വദേശിനിയായ യുവതിയുടെ പരാതിയിൽ കണ്ണൂർ ആശ്രയ മെഡിക്കൽസ് ജീവനക്കാരൻ പ്രസൂണിനെതിരെയാണ് ടൗൺ പോലീസ് കേസെടുത്തത്.

യുവതിയുടെ പരാതിയിൽ ആദ്യം കേസെടുക്കാൻ ടൗൺ പോലീസ് മടിച്ചിരുന്നു. പിന്നീട് കണ്ണൂർ റൂറൽ എസ്പിക്കും സംസ്ഥാന പോലീസ് മേധാവിക്കും പരാതി അയച്ചതോടെയാണ് ടൗൺ പോലീസ് കേസ് രജിസ്റ്റർ ചെയ്തത്.

സെപ്റ്റംബർ ആറിനാണ് പനിയും കഫക്കെട്ടിനും യുവതി കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിൽസ തേടിയത്.

മരുന്ന് വാങ്ങാനായി യുവതിയുടെ സുഹൃത്ത് മെഡിക്കൽ ഷോപ്പിലെത്തി. പനിക്ക് നൽകേണ്ട മരുന്നിന് പകരം പകരം മസിൽ വീക്കം സംബന്ധമായ അസുഖത്തിനുള്ള മരുന്നാണ് യുവതിക്ക് ലഭിച്ചത്.

മൂന്ന് നേരം ഈ മരുന്ന് കഴിച്ചതോടെ യുവതിക്ക് അസുഖം മൂർഛിച്ചു. രണ്ടാം ദിവസവും മരുന്ന് കഴിക്കുന്നതിനിട ഉച്ചയോടെ മരുന്ന് മാറി നൽകിയെന്നും കഴിക്കരുതെന്നും ആവശ്യപ്പെട്ട് മെഡിക്കൽ ഷോപ്പിൽ നിന്ന് യുവതിയെ ഫോണിൽ വിളിച്ച് അറിയിച്ചു.

പനി മൂർച്ഛിക്കുകയും ഒപ്പം ശ്വാസംമുട്ടലും കൂടി വന്നതോടെ യുവതിയെ പരിയാരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഏഴിന് വൈകീട്ട് അഡ്മിറ്റ് ചെയ്ത ഇവരെ ഒമ്പതിനാണ് ഡിസ്ചാർജ് ചെയ്തത്.

തനിക്ക് ലഭിക്കേണ്ട മരുന്ന് കിട്ടിയവർ മെഡിക്കൽ ഷോപ്പിലെത്തി പരാതി പറഞ്ഞപ്പോഴാണ് മരുന്ന് മാറിയ വിവരം അവർ അറിഞ്ഞ് വിളിച്ചതെന്നും യുവതി പറഞ്ഞു.

# പെൻഷൻ വിഹിതമായ 2.18 കോടി അടച്ചില്ല, കണ്ടിൻജൻറ് ജീവനക്കാരെ വഞ്ചിച്ച് തൃശൂർ കോർപറേഷൻ

തൃശൂർ: കണ്ടിൻജൻറ് ജീവനക്കാരുടെ പെൻഷൻ വിഹിതം പെൻഷൻ അക്കൗണ്ടിലേക്ക് അടയ്ക്കാതെ തനത് ഫണ്ടിൽ നിലനിർത്തി തൃശൂർ കോർപറേഷൻ ജീവനക്കാരെ വഞ്ചിച്ചതായി റിപ്പോർട്ട്.

കോർപറേഷനിലെ 135 കണ്ടിൻജൻറ് ജീവനക്കാരുടെ പെൻഷൻ വിഹിതമായ 2.18 കോടിയാണ് പെൻഷൻ അക്കൗണ്ടിലേക്ക് അടയ്ക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയത്. ഇതുമൂലം ഇവർക്കാർക്കും വിരമിച്ച ആനുകൂല്യങ്ങളോ പെൻഷനോ കിട്ടില്ല.

ഇവരിൽനിന്ന് നിയമപ്രകാരമുള്ള പെൻഷൻ വിഹിതം കോർപറേഷൻ പിരിച്ചെടുത്തിരുന്നു. ഈ തുക അവരുടെ പെൻഷൻ അക്കൗണ്ട് നമ്പർ കിട്ടും വരെ കോർപറേഷന്റെ തനത് ഫണ്ടിൽ സൂക്ഷിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ പരമാവധി രണ്ടു മാസത്തിനുള്ളിൽ അതത് പെൻഷൻ അക്കൗണ്ടിലേക്ക് മാറ്റണം. ഇത് മാറ്റാതെയാണ് 2.18 കോടി കോർപറേഷൻ തനത് ഫണ്ടിൽ പിടിച്ചുവച്ചത്.

ഇത്രയും വലിയ തുക രണ്ടുമുതൽ അഞ്ചുവർഷം വരെ നിലനിർത്തിയാണ് അനാസ്ഥ കാണിച്ചത്. ഇക്കാര്യം ജീവനക്കാരറിഞ്ഞിട്ടില്ല. ഇതിന് കോർപറേഷനെ പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെൻറ് അതോറിറ്റി ശിക്ഷിക്കണമെന്നും അക്കൗണ്ട്സ് ജനറൽ (ഓഡിറ്റ്) നൽകിയ പരിശോധനാ റിപ്പോർട്ടിൽ പറയുന്നു.

കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിയമപ്രകാരം 2023–24 സാമ്പത്തിക വർഷത്തെ കണക്കുകളാണ് പരിശോധിച്ചത്.

# അതിദരിദ്രർക്ക് വാതിൽപ്പടി സേവനങ്ങളുമായി ആരോഗ്യ വകുപ്പ്

അതിദരിദ്രർക്ക് ആരോഗ്യവകുപ്പിന്റെ വാതിൽപ്പടി സേവനങ്ങൾ ഉറപ്പാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിദരിദ്രരില്ലാത്ത കേരളം എന്ന സർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പ് വരുത്തുന്നതിനായി കർമ്മപദ്ധതി ആവിഷ്ക്കരിക്കുകയും മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ബ്രെയിൻസ്റ്റോമിംഗ് സെഷൻ സംഘടിപ്പിച്ചാണ് അതിദരിദ്രരായ കുടുംബങ്ങൾക്ക് ആരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കിയത്. രക്ത പരിശോധനയും വൈദ്യ സഹായവുമായാണ് ആരോഗ്യ പ്രവർത്തകർ അതിദരിദ്രരുടെ വീടുകളിലെത്തുന്നത്. സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 28 വരെയാണ് ആരോഗ്യപ്രവർത്തകർ അതിദരിദ്രരുടെ വീടുകളിലെത്തി ആരോഗ്യ പരിശോധന നടത്തുന്നത്. സേവന പ്രോട്ടോക്കോളുകൾ കർശനമായി പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.ബ്ലഡ് കൗണ്ട്, ആർബിഎസ്, ബ്ലഡ് യൂറിയ/ സെറം ക്രിയാറ്റിൻ, എസ്.ജി.ഒ.ടി./എസ്.ജി.പി.റ്റി., ലിപിഡ് പ്രൊഫൈൽ, എച്ച്ബിഎസ് തുടങ്ങിയ പരിശോധനകളാണ് നടത്തുന്നത്. വീട്ടിലെ പരിശോധനയ്ക്ക് ശേഷം ആവശ്യമായവർക്ക് തുടർചികിത്സ ഉറപ്പാക്കുന്നു. സ്ഥാപന തലത്തിൽ ഇതിനായി കെയർ കോർഡിനേറ്റർമാരെ ചുമതലപ്പെടുത്തും. ഗർഭിണികളായ സ്ത്രീകളെ പ്രസവത്തിനായി കൊണ്ടുപോകുന്നതിനും ആദിവാസികളെ ചികിത്സയ്ക്ക് കൊണ്ടുപോകുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ക്രമീകരണമൊരുക്കും. കൂട്ടിരിപ്പുകാരുടെ സേവനം ആവശ്യമെങ്കിൽ തദ്ദേശ സ്ഥാപനത്തെ അറിയിച്ച് സന്നദ്ധ പ്രവർത്തകരെ നിയോഗിക്കും. മറ്റു ചെലവുകൾ ആവശ്യമെങ്കിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹായംതേടും.ഗർഭിണികൾ, കിടപ്പുരോഗികൾ, പോഷകാഹാരക്കുറവുള്ള കുഞ്ഞുങ്ങൾ, ജന്മനാ വൈകല്യമുള്ളവർ, ഭിന്നശേഷിക്കാർ, ഒറ്റയ്ക്കായിപ്പോകുന്ന മുതിർന്ന പൗരന്മാർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്ക് പിന്തുണ ഉറപ്പാക്കുന്നു. അതിദരിദ്രരുടെ കുടുംബത്തിന് പ്രത്യേക പ്രാധാന്യം നൽകി ഓരോ മാസവും അവരുടെ വീടുകളിൽ ആരോഗ്യ പ്രവർത്തകർ സന്ദർശനം നടത്തും. കിടപ്പിലായവർക്കും വയോജനങ്ങൾക്കും ഒറ്റയ്ക്ക് താമസിക്കുന്ന ആരോഗ്യ പ്രശ്നങ്ങളുള്ളവർക്കും രണ്ടാഴ്ചയൊരിക്കൽ പരിചരണം ഉറപ്പാക്കും. പ്രതിമാസ ആരോഗ്യ പരിശോധന നടത്തുകയും മെഡിക്കൽ ഓഫീസർമാർ ഇത് വിലയിരുത്തി തുടർ നടപടി സ്വീകരിക്കുകയും ചെയ്യും. ഇവരെ വിവിധ സർക്കാർ ചികിത്സാ പദ്ധതികളിൽ ഉൾപ്പെടുത്തി മതിയായ ചികിത്സ ഉറപ്പാക്കുന്നതാണ്.

# കലുങ്ക് സംവാദത്തെ വക്രീകരിക്കാൻ ആസൂത്രിതമായ ശ്രമങ്ങൾ നടക്കുന്നു: സുരേഷ് ഗോപി

തൃശൂർ: കലുങ്ക് സംവാദത്തെ വക്രീകരിക്കാൻ ആസൂത്രിതമായ ശ്രമങ്ങൾ നടക്കുന്നുവെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. കലുങ്ക് ജനകീയ മുഖമാകരുതെന്ന് വിശ്വസിക്കുന്നവർക്ക് ഇതിനെ വക്രീകരിക്കാനുള്ള ത്വരയുണ്ടാകുമെന്നും സുരേഷ് ഗോപി വ്യക്തമാക്കി. ചില ആളുകളെ കരുതിക്കൂട്ടി പരിപാടിയിൽ കൊണ്ടുനിർത്തി വക്രീകരിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. അത് സ്വാഗതാർഹമല്ല, കരുവന്നൂരിൽ ഇഡി സ്വത്ത് കണ്ടുകെട്ടിയ കാര്യം നേരത്തെ പറഞ്ഞതാണെന്നും കേന്ദ്രസഹമന്ത്രി അറിയിച്ചു. പണം ബാങ്ക് വഴി മാത്രമേ നൽകാൻ സാധിക്കൂ. പ്രധാനമന്ത്രി നരേന്ദ്ര മോദി കുന്നംകുളത്ത് എത്തിയപ്പോൾ ഇക്കാര്യം അറിയിച്ചതാണ്. ആനന്ദവല്ലി ചേച്ചി വന്ന് തന്റെ നെഞ്ചത്ത് കയറിയിട്ട് കാര്യമില്ലെന്നും അദ്ദേഹം പറഞ്ഞു.

വിഷയത്തിൽ സഹകരണ വകുപ്പ് മന്ത്രിയാണ് തീരുമാനം എടുക്കേണ്ടത്. അന്ന് പറഞ്ഞത് വ്യക്തമായാണ്. ക്വാറിയിൽ നിന്ന് പൈസയെടുത്ത ജില്ലാ പ്രസിഡൻറുമാരൊന്നും തങ്ങളുടെ പാർട്ടിയിലില്ല. ഉണ്ടെന്ന് അറിഞ്ഞാൽ ഉടൻ പുറത്താക്കുമെന്നും സുരേഷ് ഗോപി കൂട്ടിച്ചേർത്തു.

## താമരശേരിയിൽ യുവാവിന് കുത്തേറ്റു, ഒരാൾ കസ്റ്റഡിയിൽ

കോഴിക്കോട്: കാറിൽ എത്തിയ സംഘം യുവാവിനെ കുത്തി പരിക്കേൽപ്പിച്ചു. കോഴിക്കോട് താമരശേരിയിലാണ് സംഭവം. അമ്പായത്തോട് അറമുക്ക് സ്വദേശി മുഹമ്മദ് ജിനീഷിനാണ് കുത്തേറ്റത്. മുഹമ്മദ് ജിനീഷിനെ ഉടൻതന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.ഇയാളുടെ കാറിന്റെ ചില്ലും തകർത്തു. ഇന്നലെ രാത്രി 10.30ഓടെയായിരുന്നു സംഭവം. കുത്തേറ്റ മുഹമ്മദ് ജിനീഷ് നിരവധി കേസുകളിൽ പ്രതിയാണെന്ന് പോലീസ് അറിയിച്ചു. ഇയാളുടെ പക്കൽ ഉണ്ടായിരുന്ന കത്തി പോലീസ് കണ്ടെടുത്തിട്ടുണ്ട്.